ദി ഗൾഫ്
ബ്രദറൺ വോയ്സ്

വാല്യം : 1 ലക്കം : 1 ജനുവരി – ഫെബ്രുവരി, 2007

# മാധ്യമ സ്വാധീനം വർദ്ധിക്കുന്നു; ലോകം അധഃപതനത്തിലേക്ക്

21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് മാധ്യമങ്ങളുടെ സ്വാധീനവും ശക്തിയും അതിന്റെ നല്ലവശങ്ങളെക്കുറിച്ചു അറിവുമുണ്ടെങ്കിലും ഇവ വരുത്തിവയ്ക്കുന്ന വിനാശങ്ങളെക്കുറിച്ച് നാം ചിന്തിക്കാറില്ല എന്നതാണ് സത്യം. ലോകത്തെ ആകമാനം നിയന്ത്രിക്കുവാനും രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുവാനും എന്തിനേറെ മനുഷ്യന്റെ നിത്യോപയോഗത്തിനുള്ള വസ്തുക്കൾ പോലെ ഒഴിവാക്കാൻ സാധിക്കാത്ത നിലയിലേയ്ക്ക് മാധ്യമങ്ങൾ എത്തിക്കഴിഞ്ഞു. വർഷങ്ങൾ പിന്നിടുമ്പോൾ മാറിവരുന്ന നൂതന സാങ്കേതികവിദ്യകളനുസരിച്ച് ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയും ലോകത്തെ ആകർഷിക്കുവാനുമുള്ള കഴിവും കൈവരിച്ചിരിക്കുന്നു.

മാധ്യമങ്ങൾ കൈവരിച്ച ഈ നേട്ടങ്ങൾ ഒരു പരിധിവരെ മനുഷ്യന് സഹായകരമായി തീർന്നിട്ടുണ്ട് എന്നതിൽ സംശയമില്ല. എന്നാൽ ലോകജനതയെ ഇവയുടെ ആകർഷണീയത ഉപയോഗിച്ച് അസന്മാർഗ്ഗത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്കുചുറ്റും നിരവധി ഉദാഹരണങ്ങൾ തെളിവുകൾ സഹിതം നിരന്നു നിൽക്കുമ്പോൾ മറുചിന്തയില്ലാതെ നമുക്ക് ഉറപ്പിക്കാം; മാധ്യമങ്ങൾ ലോകത്തെ അധഃപതനത്തിലേയ്ക്ക് നയിക്കുന്നു.



പത്രങ്ങൾ, മാസികകൾ, ടെലിവിഷൻ, ഫോൺ, ഇന്റർനെറ്റ് ഇവയൊക്കെയാണല്ലോ നമ്മുടെ പ്രധാന മാധ്യമങ്ങൾ. പത്രങ്ങൾ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയാണെങ്കിലും കച്ചവട ചിന്താഗതി പത്രപ്രവർത്തനത്തിൽ കടന്നുകൂടിയതിന്റെ ഫലമായി പരസ്യങ്ങളും മറ്റും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. ഈ പരസ്യങ്ങൾ പലപ്പോഴും സുതാര്യത ഇല്ലാത്തവ ആയതിനാൽ അതിൽ പതിയിരിക്കുന്ന അപകടം മനസിലാക്കാതെ ജനങ്ങൾ അപകടങ്ങളിൽ വീഴുന്നതായി കാണാം. ഇങ്ങനെയുള്ള സംഭവങ്ങൾ പലപ്പോഴും ആത്മഹത്യയിൽ വരെ കൊണ്ടെത്തിക്കുന്നു. മാസികകളുടെ കാര്യവും ഒട്ടുമ ഭേദമല്ല. അശ്ലീല ചുവയുള്ള നോവലുകളും വാർത്തകളും പ്രസിദ്ധീകരിക്കുന്നതുവഴി മനുഷ്യരിൽ അസന്മാർഗ്ഗികത വർദ്ധിക്കുവാൻ ഇടയാകുന്നു. ഒരു നാടിന്റെ ഭരണവും നീതിന്യായവ്യവസ്ഥകളെക്കൂടി പത്രങ്ങൾക്കു നിയന്ത്രിക്കുവാൻ സാധിക്കുമെങ്കിൽ ഇവ വരുത്തിവയ്ക്കുന്ന വിന എത്ര വലുതാണ്.

ടി.വി. ഇല്ലാത്ത വീടുകൾ ഇന്ന് വളരെ കുറവാണ്. വാർത്തകളും പ്രയോജനപ്രദമായ പലതും ടി.വി. നൽകുന്നുണ്ടെങ്കിലും അതിലേറെ ജനങ്ങളെ വഴിതെറ്റിക്കുവാൻ ഇവയ്ക്ക് സാധിക്കുന്നു. വിവിധ ഉപഗ്രഹങ്ങൾവഴി ലഭിക്കുന്ന ആയിരക്കണക്കിനു ചാനലുകൾ നല്ലതും തീയതും കൂടികലർന്ന് ജനത്തിന്റെ മുൻപിലെത്തുന്നു. ഇവയെല്ലാം കൂട്ടികുഴച്ച് ഉള്ളിലാക്കിയ ജനം പിന്നീട് അവ പ്രവർത്തിപഥത്തിലേയ്ക്ക് കൊണ്ടുവരുന്നു. സിനിമ-സീരിയൽഭ്രമം പിടിച്ച് വഴിതെറ്റിയവരുടെയും ആത്മഹത്യ ചെയ്തവരുടെയും കഥകൾ ഈ ദുരന്തകഥയുടെ ഏതാനും വരികൾ മാത്രം. നമ്മുടെ കൊച്ചു കേരളത്തിലെ ജനങ്ങളുടെ വസ്ത്രധാരണത്തിലും ചിന്താഗതിയിലും വന്ന മാറ്റങ്ങളിൽ ടി.വി. എന്ന മാധ്യമത്തിന്റെ പങ്ക് അവിശ്വസനീയം തന്നെ.

> **നമ്മുടെ മാധ്യമങ്ങൾ നാം എങ്ങനെ ഉപയോഗിക്കുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിലെ സകലരും ഉപയോഗിക്കുന്നതും വളരെ പ്രയോജനപ്രദവുമായ മാധ്യമങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിരുകൾ ഇടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.**

ടെലിഫോൺ വീട്ടിലുണ്ടാകുക എന്നത് ഒരുകാലത്ത് ജനങ്ങളുടെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നായിരുന്നു. ഇന്ന് മനുഷ്യന് ഏറ്റവും പ്രയോജനപ്രദമായ മാധ്യമം എന്നനിലയിൽ ഫോണിന്റെ സ്ഥാനം വളരെ മുൻപിലാണ്. എന്നാൽ പരദൂഷണങ്ങളും അപഖ്യാതികളും സമയാസമയങ്ങളിൽ വിളിച്ചറിയിക്കുവാൻ ഈ മാധ്യമം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ എന്തിനു വേറെ ദോഷവശങ്ങൾ. പരിഷ്കരിച്ച ഫോണുകൾ മൊബൈൽ ഫോണുകളായി ലോകത്തിൽ വ്യാപകമായിക്കഴിഞ്ഞു. മനുഷ്യന് വളരെ അനുഗ്രഹപ്രദമായ ഒരു മാധ്യമം. എന്നാൽ ഇതും മനുഷ്യന്റെ അധഃപതനത്തിനു വഴിതെളിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ മുതൽ മുതിർന്നവർവരെ ഈ ഉപകരണത്തിന്റെ ചതിയിൽ വീണിരിക്കുന്നു. കേരളത്തിലെ കോളജുകളിലും സ്കൂളുകളിലും മൊബൈൽ ഫോണുകൾ നിരോധിച്ചിരിക്കുന്നു. ഭാവിയിൽ എന്തൊക്കെ നാശങ്ങൾ ഈ ഉപകരണം വരുത്തിവയ്ക്കുമെന്ന് ആരറിയുന്നു.

ലോകം വിരൽതുമ്പിൽ എന്നാണല്ലോ ഇന്റർനെറ്റിനെ വിശേഷിപ്പിക്കുന്നത്. മേൽപറഞ്ഞ എല്ലാ മാധ്യമങ്ങളെയും കൂട്ടിചേർത്ത് നിർമ്മിച്ചിരിക്കുന്ന ഈ വല തരുന്ന ഉപകാരങ്ങൾ ചില്ലറയല്ല. ഏതുനിമിഷത്തിലും ഏതുവിഷയത്തിനും വ്യക്തമായ ഉത്തരം തരുവാൻ ഇന്റർനെറ്റിനു സാധിക്കുമെന്നാണ് അവകാശവാദം. എന്നാൽ ഇതൊരു കുരുക്കുവലകൂടിയാണെന്നുള്ള യാഥാർത്ഥ്യം മനസിലാക്കിയവർ ചുരുക്കമാണ്. വിദ്യാലയങ്ങളിൽ ഇതൊരു പഠനവിഷയം ആയിരിക്കുമ്പോൾ ഈ വലയിൽ കരുങ്ങി നശിച്ചവർ ഏറെയാണ്. മണിക്കൂറുകൾ ഇവയുടെ മുൻപിൽ ചിലവഴിക്കുന്നവരെ മറ്റൊരു ലോകത്തേയ്ക്കാണ് എത്തിക്കുന്നത്. ചിലർക്കു നല്ലതും ചിലക്കും തീയതും സമ്മാനിച്ച് ഇന്റർനെറ്റ് ജൈത്രയാത്ര തുടരുമ്പോൾ, യുവജനങ്ങളേ ജാഗ്രത!

പ്രിയരേ, നമ്മുടെ മാധ്യമങ്ങൾ നാം എങ്ങനെ ഉപയോഗിക്കുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിലെ സകലരും ഉപയോഗിക്കുന്നതും വളരെ പ്രയോജനപ്രദവുമായ മാധ്യമങ്ങളുടെ ദൂഷ്യവ

*(ശേഷം 3-ാം പേജിൽ)*

ദി ഗൾഫ്
ബ്രദറൺ വോയ്സ്

## എഡിറ്റോറിയൽ

# നാം അനുഗ്രഹിക്കപ്പെടുവാൻ...

എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച്, എന്റെ മുഖമന്വേഷിച്ച്, തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുന്നു എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും (2 ദിന. 7:14).

ഒരു വർഷംകൂടി നമ്മെ വിട്ട് കടന്നുപോയി. 2006-ലെ ഓരോ ദിനങ്ങളും ദൈവം നമ്മെ കാത്തുപരിപാലിച്ചു. നാം വസിക്കുന്ന ഭൂമിയിൽ ജനം സമാധാനമില്ലാതെ സ്വസ്ഥത നശിച്ചു തമ്മിൽ കലഹങ്ങളുണ്ടാക്കിയും ജീവൻ അപഹരിച്ചും മുമ്പോട്ടു നീങ്ങുന്നു. എന്താണ് ഇതിനു കാരണം? ദേശത്തിനു സമാധാനം ലഭിക്കാത്തതും സൗഖ്യമില്ലാതെയാകുന്നതും എന്തുകൊണ്ടാണെന്നു നാം ചിന്തിച്ചിട്ടുണ്ടോ? ഈ വിഷയം സംബന്ധിച്ചു നാം കുറ്റക്കാരാണോ? അങ്ങനെയെങ്കിൽ അതിനുള്ള പ്രതിവിധിയായി ദൈവവചനം ചിലകാര്യങ്ങൾ ഇവിടെ ബുദ്ധിയുപദേശിക്കുന്നു.

ശലോമോന്റെ പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം അവനു പ്രത്യക്ഷനായി നൽകിയ അരുളപ്പാടുകളിൽ ചിലതാണ് ആദ്യം സൂചിപ്പിച്ചിരിക്കുന്ന വാക്യം. അനുസരണത്തിനായുള്ള ഈ ആഹ്വാനം നമ്മുടെ ഹൃദയത്തെ ഭരിക്കട്ടെ.

### തങ്ങളെത്തന്നെ താഴ്ത്തുക

ദൈവമക്കളുടെ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒന്നാണ് താഴ്മ. താഴ്മയുള്ളവനെ ദൈവം കാടാക്ഷിക്കുന്നു, ഗർവ്വിയെയോ ദൂരത്തുനിന്നറിയുന്നു എന്നു നാം സങ്കീർത്തനങ്ങളിൽ വായിക്കുന്നു. താഴ്മയുള്ളവനെ കടാക്ഷിക്കുന്ന ദൈവം. ദൈവജനത്തിന്റെ മദ്ധ്യേ കുറഞ്ഞുപോയ ഒന്നാണ് താഴ്മ. താഴുവാൻ വളരെ പ്രയാസമായിരിക്കുമ്പോൾ പ്രശ്നങ്ങളും പ്രതിസന്ധികളും അവനെ അലട്ടുന്നു. നമ്മുടെ ജീവിതത്തിൽ താഴ്മ ശീലിക്കുന്നു എങ്കിൽ ജീവിതം വ്യത്യാസപ്പെടുമെന്നതിൽ സംശയമില്ല. ദൈവീക കടാക്ഷത്തിനായും നന്മകൾ അനുഭവിച്ചറിയുവാനും താഴ്മ നമ്മെ സഹായിക്കും.

### പ്രാർത്ഥിക്കുക

പ്രാർത്ഥന ദൈവമക്കളുടെ ആയുധമാണ്. പ്രാർത്ഥന മനുഷ്യനെ ദൈവത്തോടു അടുപ്പിക്കുന്നു. നിങ്ങൾക്കു ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കുംമുമ്പേ നിങ്ങളുടെ പിതാവും അറിയുന്നു. (മത്താ. 6:8). നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമരുളുന്ന ദൈവം സ്വർഗ്ഗത്തിൽ അധിവസിക്കുന്നു. തന്മൂലം നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ അവങ്കൽ അർപ്പിക്കാം. നാം മറ്റുള്ളവർക്കു വേണ്ടിയും പ്രത്യേകിച്ചു ദേശത്തിനുവേണ്ടിയും പ്രാർത്ഥിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അങ്ങനെ നമ്മുടെ ദേശം, സഭ, കുടുംബം എന്നിവ അനുഗ്രഹിക്കപ്പെടട്ടെ.

### ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുക

ചിലകാര്യങ്ങൾ ഉപേക്ഷിക്കുവാൻ നമുക്കു വളരെ പ്രയാസമാണ്. എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല എന്നൊക്കെ നാം പറയാറുണ്ട്. യഥാർത്ഥത്തിൽ ഇത് സത്യമോണോ? ദൈവമക്കൾ ദുർമാർഗ്ഗങ്ങളിൽ സഞ്ചരിക്കുവാൻ, പ്രവർത്തിക്കുവാൻ ദൈവം അനുവദിക്കുന്നില്ല. ചില കാര്യങ്ങൾ നാം മറച്ചുപിടിച്ചു മറ്റുള്ളവരുടെ മുമ്പിൽ നിഷ്കളങ്കരെപ്പോലെ ജീവിക്കുന്നു. നീതികേടിലൂടെ നാം നമ്മുടെ ജീവിതം നയിക്കുമ്പോൾ ദൈവം നമ്മെ കാണുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്. നാം തിരഞ്ഞെടുക്കുന്ന മാർഗ്ഗങ്ങൾ നേരുള്ളതാണോ? ഉപേക്ഷിക്കേണ്ടതു ഉപേക്ഷിച്ചു ദൈവത്തിനു പ്രസാദമുള്ളതു ചെയ്യുമ്പോൾ ദൈവത്താൽ നാമും നമ്മുടെ സമൂഹവും അനുഗ്രഹിക്കപ്പെടും.

അനുസരണ സ്വഭാവമുള്ളവരായി താഴ്മയോടെ, പ്രാർത്ഥനയോടെ, ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയാം. അതുമൂലം 2007-ൽ നാം ദൈവീക നന്മകളാൽ അനുഗ്രഹിക്കപ്പെടട്ടെ. തന്റെ ചിറകടിയിൽ നാം സുരക്ഷിതരായിരിക്കട്ടെ.



**പ്രമോദ് എസ്. ജോൺ**

## ലേഖനം

# മനുഷ്യൻ



**സി.ഒ. ആന്റണി**

**(സങ്കീർത്തനങ്ങൾ 39:3-7)**

നാം ഒരു പുതുവർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം നമുക്ക് ആത്മീകമായി നേട്ടത്തിന്റെ വർഷമോ നഷ്ടത്തിന്റെ വർഷമോ? നേട്ടങ്ങളുടെ - നഷ്ടങ്ങളുടെ കണക്ക് (Profit & Loss Account) എടുക്കുമ്പോൾ നമുക്ക് സന്തോഷിക്കുവാൻ വകയുണ്ടോ?

39-ാം സങ്കീർത്തനത്തിൽ ദാവീദ് ധ്യാനിക്കുകയാണ്, തീകത്തുന്ന ധ്യാനം. വിഷയം: വാക്യം 4. എന്റെ അവസാനത്തേയും എന്റെ ആയുസ്സ് എത്ര എന്നതിനേയും അറിയിക്കേണമെ!

കമ്പ്യൂട്ടർ യുഗത്തിൽ പ്രവേശിച്ച മനുഷ്യൻ പലപ്പോഴും സ്വയം കണ്ടെത്തുന്ന കാര്യത്തിൽ പരാജയപ്പെടുന്നു. സങ്കീ. 39:12-ൽ ദാവീദ് മനുഷ്യനെ അന്യരും പരദേശിയുമായി കാണുന്നു. ജോൺ ബനിയൻ തന്റെ പിൽഗ്രിംസ് പ്രോഗ്രസിൽ പറഞ്ഞിരിക്കുന്നതുപോലെ നാം എല്ലാം ഈ ലോകത്തിലൂടെ കടന്നു പോകുന്ന യാത്രക്കാരാണ്. ഇന്നത്തെ മനുഷ്യൻ ഈ യാത്രയ്ക്കിടയിൽ കിട്ടുന്നതെല്ലാം കൈക്കലാക്കുന്നു. നിത്യതയെ വിസ്മരിക്കുന്നു. എന്താണ് മനുഷ്യജീവിതം? നമുക്ക് നമ്മിലേയ്ക്ക് ഒന്നു നോക്കാം.

### മനുഷ്യന്റെ ആയുസ്സ് (സങ്കീ. 39:4)

വളരെ ചെറിയ ഒരു ജീവിതം. മനുഷ്യനെ വിളിക്കുന്നതു ക്ഷണികൻ എന്നാണ് (സങ്കീ. 90:10). 5-ാം വാക്യത്തിൽ ദാവീദ് പറയുന്ന കേവലം നാലു വിരൽ നീളം മാത്രമുള്ള ജീവിതം. ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം. ജനിക്കുവാൻ അവസരം ലഭിക്കാത്തവർ, ജനിച്ചിട്ടും ജീവിതം നിഷേധിച്ചവർ, യൗവ്വനത്തിൽ തന്നെ അടർത്തിയെടുക്കപ്പെട്ടവർ ഈ കൂട്ടത്തിലുണ്ട്.

നാലു വിരൽ നീളമുള്ള ജീവിതത്തെപ്പറ്റി ആർക്കും ഉറപ്പുപറയുവാൻ സാദ്ധ്യമല്ല. ദാവീദ് ഈ ആയുസ്സിനെക്കുറിച്ച് പറയുന്നതു ഏതുമില്ലാത്തത് എന്നാണ് (വാക്യം 5). എന്നാൽ ഒരു വിശ്വാസിക്ക് ലഭിച്ച ആയുസ്സ് എപ്രകാരമുള്ളതാണ്? യോഹ. 10:10,11 - യേശുക്രിസ്തു സ്വന്ത ജീവൻ നമുക്കുവേണ്ടി നൽകി നമ്മെ ജീവിപ്പിച്ചു!! യേശുക്രിസ്തു പാപികളായ സകല മനുഷ്യർക്കുംവേണ്ടി കാൽവറി ക്രൂശിൽ യാഗമാക്കപ്പെട്ടു. (യോഹ. 3:11). മരണത്തെ ജയിച്ചു മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു, സ്വർഗ്ഗാരോഹണം ചെയ്തു. തന്നിൽ വിശ്വസിക്കുന്നവരെ ചേർക്കുവാൻ വീണ്ടും വരുന്നു!! ഇതു വ്യക്തിപരമായി അംഗീകരിച്ച് ഏറ്റുപറയുന്ന വ്യക്തിക്ക് ലഭിക്കുന്ന ആയുസ്സ് നിത്യജീവനാകുന്നു (യോഹ. 5:24). ഈ ലോകത്തിലെ ആയുസ്സ് ക്ഷണികമത്രെ.

**നെപ്പോളിയൻ തന്റെ സൈന്യാധിപതിയായിരുന്ന ബെർട്രാന്റിനോട് പറഞ്ഞു, ആയുധത്തിന്റെ ശക്തി കൊണ്ട് മഹാനായ അലക്സാണ്ടറും ഞാനും വലിയ സാമ്രാജ്യം സ്ഥാപിച്ചു. എന്നാൽ ക്രിസ്തുയേശു എന്ന ലോക രക്ഷിതാവ് ആയുധം ഉപയോഗിക്കാതെ സ്നേഹത്തിന്റെ അടിത്തറയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചു. അതു നിലനിൽക്കുന്നു!!**

### മനുഷ്യന്റെ ശക്തി (സങ്കീ. 39:56)

ഏതു മനുഷ്യനും ഉറച്ചുനിന്നാൽ ഒരു ശ്വാസമത്രേ. ലോകത്തെ വിറപ്പിച്ച സൈനിക സാമ്രാട്ട് നെപ്പോളിയൻ. യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെ അധിപതിയാകുവാൻ ആഗ്രഹിച്ചവൻ... പരാജയം എന്ന പദം തന്റെ നിഘണ്ടുവിൽ ഇല്ലാത്ത വ്യക്തി. വാട്ടർലൂ യുദ്ധത്തിൽ ഇംഗ്ലീഷ് സേനയോടു ദയനീയമായി പരാജയപ്പെട്ടു. 1815 ഒക്ടോബർ 15-ാം തീയതി സെന്റ് ഹെലേന ദ്വീപിലേയ്ക്ക് നാടുകടത്തപ്പെട്ടു.

അവിടെവച്ചു നെപ്പോളിയൻ തന്റെ സൈന്യാധിപതിയായിരുന്ന ബെർട്രാന്റിനോട് പറഞ്ഞു, ആയുധത്തിന്റെ ശക്തികൊണ്ട് മഹാനായ അലക്സാണ്ടറും ഞാനും വലിയ സാമ്രാജ്യം സ്ഥാപിച്ചു. എന്നാൽ ക്രിസ്തുയേശു എന്ന ലോക രക്ഷിതാവ് ആയുധം ഉപയോഗിക്കാതെ സ്നേഹത്തിന്റെ അടിത്തറയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചു. അതു നിലനിൽക്കുന്നു!! 1821 മെയ് 15-ാം തീയതി സെന്റ് ഹെലേനയിൽ വച്ച് നെപ്പോളിയൻ ഇങ്ങനെ വിളിച്ചു പറഞ്ഞു, അല്ലയോ യേശുവേ നീ വിജയിച്ചു. നെപ്പോളിയൻ തോറ്റിരിക്കുന്നു. അന്നു നെപ്പോളിയിൻ ഈ ലോകത്തിൽനിന്നു മാറ്റപ്പെട്ടു.

ഏതു മനുഷ്യനും ഉറച്ചുനിന്നാൽ ഒരു ശ്വാസമത്രേ! എന്നാൽ ക്രിസ്തുവിന്റെ സാക്ഷ്യം നിമിത്തം നാടുകടത്തപ്പെട്ട യോഹന്നാൻ (വെളി. 1:6), നമ്മെ തന്റെ രക്തത്താൽ വിടുവിച്ച് നിത്യരാജ്യവും പുരോഹിതന്മാരും ആക്കിയ സർവ്വശക്തനെ സ്തുതിക്കുന്നു!!

### മനുഷ്യന്റെ ജീവിതം (സങ്കീ. 39:6)

മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു. നടപ്പ് ജീവിതത്തെ കാണിക്കുന്നു. ഈ ജീവിതത്തെ ഒരു നിഴലിനോട് ദാവീദ് ഉപമിച്ചിരിക്കുന്നു. ലോകമനുഷ്യനു അതു തികച്ചും നിഴൽ മാത്രമാണ്. എന്നാൽ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ നിഴൽ ഒരു യഥാർത്ഥ വെളിച്ചത്തെ - ഞാനാണ് ലോകത്തിന്റെ വെളിച്ചം എന്നു പറഞ്ഞ കർത്താവായ യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നു.

അപ്പൊ. പ്രവ. 5:15 -ൽ പത്രോസിന്റെ നിഴൽ വീഴുവാൻ ആഗ്രഹിച്ച് അവൻ പോകുന്ന വീഥിയിൽ അനേകരെ കിടത്തി, നിഴൽ ഏറ്റവർ സൗഖ്യം പ്രാപിച്ചു എന്നു വായിക്കുന്നു. എന്നാൽ നമ്മുടെ നിഴൽ വീണവരുടെ അവസ്ഥ എന്താണെന്നുള്ളത് ചിന്തനീയം തന്നെ.

### മനുഷ്യന്റെ പരിശ്രമങ്ങൾ (സങ്കീ 39:6)

അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു. യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു, യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാർ വൃഥാ ജാഗരിക്കുന്നു!!

ലൂക്കോസ് 12:19-ൽ പറഞ്ഞിരിക്കുന്ന ധനികൻ വളരെ പരിശ്രമിച്ചു. വസ്തുവകകൾ തന്റെ ജീവനാധാരമായിരിക്കും എന്നു കരുതി സ്വരൂപിക്കാവുന്ന അത്രയും സ്വരൂപിച്ചു, തിന്നു കുടിച്ചു, ആസ്വദിച്ചു. എന്നാൽ ദൈവം അവനെ വിളിച്ചത് മൂഢാ എന്നായിരുന്നു. ഒരുക്കിവച്ചത് മാത്രമല്ല ജീവിതംകൂടെ നഷ്ടമായി. മരണം കൊണ്ട് നഷ്ടമാകുന്ന പ്രയത്നങ്ങൾ (സങ്കീ. 127:2).

നമ്മുടെ പരിശ്രമങ്ങൾ ആത്മിക സമ്പത്ത് (നിക്ഷേപം) സ്വർഗ്ഗത്തിൽ സ്വരൂപിക്കുവാൻ സഹായകമായ സാഹസങ്ങളാണോ? ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ നമ്മുടെ പ്രയത്നങ്ങൾ തീയിൽ ശോധന ചെയ്യുമ്പോൾ മരം, പുല്ല്, വൈക്കോൽ എന്നിവ പോലെ വെന്തുപോകുമോ? അതോ സ്വർണ്ണം, വെള്ളി, വിലയേറിയ കല്ല് എന്നിവപോലെ നിലനിൽക്കുമോ?

### മനുഷ്യന്റെ ധനം (സങ്കീ. 39:6)

അവർ ധനം സമ്പാദിക്കുന്നു, ആർ അനുഭവിക്കുമെന്നറിയുന്നില്ല.

സർവ്വലോകവും നേടുന്നതാണ് ലോകദൃഷ്ടിയിൽ വലിയ നേട്ടം (മത്താ. 16:25-26). എന്നാൽ സ്വർഗ്ഗത്തിൽ നിക്ഷേപിക്കാതെ ഈ ലോകത്തിൽ നിക്ഷേപിച്ചാൽ സ്വർഗ്ഗം അതിനെ വിലമതിക്കുന്നില്ല. ദൈവം നൽകിയ ധനം നാം എങ്ങനെ വിനിയോഗിക്കുന്നു. സമ്പത്തിൽ ആശ്രയിക്കരുത് എന്ന് നാം വചനത്തിൽ കാണുന്നു.

മനുഷ്യന്റെ ആയുസ്സ് ക്ഷണികം എന്നറിഞ്ഞ് ദൈവം തന്റെ പുത്രനിൽകൂടി നൽകിയ നിത്യജീവൻ നേടാം. നേടിയവരായ നാം വിളിയും തിരഞ്ഞെടുപ്പും അറിഞ്ഞ് മുന്നേറാം. നമ്മുടെ ശക്തി, ജീവിതം, പരിശ്രമങ്ങൾ, ധനം എന്നിവയെല്ലാം ദൈവനാമ മഹത്വത്തിനായി പ്രയോജനപ്പെടുത്താം. ഈ പുതുവർഷത്തിൽ സർവ്വേശ്വരൻ നമ്മെ അതിനായി സഹായിക്കട്ടെ.

## തൊമ്മിച്ചായനും ശിഷ്യന്മാരും



**തൊമ്മിച്ചായൻ:** എടാ പിള്ളേരേ, സദ്ദാമിനെ തൂക്കിക്കൊന്നെന്നു കേട്ടല്ലോടാ... വളരെ കഷ്ടമായിപ്പോയി...

**ശിഷ്യന്മാർ:** അതു പിന്നെങ്ങനാ തൊമ്മിച്ചായാ അയാൾ ചെയ്തുകൂട്ടിയ പാപങ്ങൾ അത്രയ്ക്കല്ലായിരുന്നോ... നൂറുകണക്കിനു കുർദ്ദിഷ് വംശജരെയല്ലേ രാസായുധം ഉപയോഗിച്ചു കൊന്നത്...

**തൊമ്മിച്ചായാൻ:** നമ്മുടെ ദൈവം എത്ര ദയയും കരുണയുള്ളവനാ.. അല്ലായിരുന്നെങ്കിൽ....

**ശിഷ്യന്മാർ:** ഇതു തമ്മിലെന്താ ബന്ധം അച്ചായാ...

**തൊമ്മിച്ചായൻ:** എടാ പിള്ളേരേ, കുലപാതകന്മാരെ ശിക്ഷിക്കുവാൻ ദൈവം ഒരു കഴുമരം ഒരുക്കിയിരുന്നെങ്കിൽ വിശ്വാസികളിൽ എത്രപേർ തൂക്കിക്കൊല്ലപ്പെട്ടേനേ... സഹോദരനെ പകയ്ക്കുന്നവനെല്ലാം കുലപാതകൻ ആകുന്നു എന്നല്ലേ ദൈവവചനം പറയുന്നത്...

## മാധ്യമ സ്വാധീനം...

(1-ാം പേജ് തുടർച്ച)

ശങ്ങളെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിരുകൾ ഇടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ശലോമോന്റെ ഉപദേശങ്ങൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

സദൃശ്യവാക്യങ്ങൾ 2: മകനേ ജ്ഞാനത്തിനു ചെവികൊടുക്കുകയും ബോധനത്തിനു നിന്റെ ഹൃദയം ചായിക്കുകയും ചെയ്യേണ്ടതിനു, എന്റെ വചങ്ങളെ കൈകൊണ്ട് എന്റെ കൽപ്പനകളെ ഉള്ളിൽ സംഗ്രഹിച്ചാൽ, നീ ബോധനത്തിനായി വിളിച്ചു വിവേകത്തിനായി ശബ്ദം ഉയർത്തുന്നു എങ്കിൽ, അതിനെ വെള്ളിയെപ്പോലെ അന്വേഷിച്ചു നിക്ഷേപങ്ങളെപ്പോലെ തിരയുന്നു എങ്കിൽ, നീ യഹോവാഭക്തി ഗ്രഹിക്കയും ദൈവ പരിജ്ഞാനം കണ്ടെത്തുകയും ചെയ്യും. യഹോവയല്ലോ ജ്ഞാനം നൽകുന്നത്. അവന്റെ വായിൽ നിന്ന് പരിജ്ഞാനവും വിവേകവും വരുന്നു. അവൻ നേരുള്ളവർക്ക് രക്ഷ സംഗ്രഹിച്ചുവയ്ക്കുന്നു. നിഷ്കളങ്കമായി നടക്കുന്നവർക്ക് അവൻ ഒരു പരിച തന്നെ. അവൻ ന്യായത്തിന്റെ പാതകളെ കാക്കുന്നു. തന്റെ വിശുദ്ധന്മാരുടെ വഴിയെ സൂക്ഷിക്കുന്നു. അങ്ങനെ നീ നീതിയും ന്യായവും നേരും സകല സന്മാർഗ്ഗവും ഗ്രഹിക്കും. ജ്ഞാനം നിന്റെ ഹൃദയത്തിൽ പ്രവേശിക്കും. പരിജ്ഞാനം നിന്റെ മനസ്സിനു ഇമ്പമായിരിക്കും. വകതിരിവും നിന്നെ കാക്കും. വിവേകം നിന്നെ സൂക്ഷിക്കും. അതുനിന്നെ ദുഷ്ടന്റെ വഴിയിൽനിന്നും വികടം പറയുന്നവരുടെ കൂട്ടത്തിൽനിന്നും വിടുവിക്കും.

സാക്ഷികൾ
രക്തസാക്ഷികൾ

# പോളികാർപ്പ്

## കത്തിയെരിഞ്ഞ വിശ്വാസത്തിന്റെ തീനാളം

യേശുവിനെ തള്ളിപ്പറയുന്നതിലൂടെ മരണവാതിലിൽനിന്ന് രക്ഷപെടാമെന്ന ഉപദേശം നൽകിയ രാജാവിനോട് പോളികാർപ്പ് പറഞ്ഞതിങ്ങനെയായിരുന്നു.

കഴിഞ്ഞ 86 വർഷമായി ഞാൻ ക്രിസ്തുവിനെ സേവിച്ചുവരുന്നു. അവിടുന്ന് ഇതുവരെ എനിക്കൊരു ദോഷവും ചെയ്തിട്ടില്ല. എനിക്ക് എങ്ങനെ എന്റെ രാജാവിനെ നിന്ദിക്കാനാവും? ഞാൻ ക്രിസ്തുവിന്റെ അനുയായിയാണ്.

പുതിയനിയമ കാലയളവിന് തൊട്ടുപിന്നാലെ രക്തസാക്ഷിത്വ മരണം വരിച്ച ധീരനായ പടയാളിയായിരുന്നു പോളികാർപ്പ്. ഏകദേശം എ.ഡി. 70 മുതൽ 156 വരെയുള്ള കാലഘട്ടമാണ് പോളികാർപ്പിന്റേതെന്ന് ചരിത്രകാരന്മാർ പറയുന്നു.

എഫ്.എഫ്. ബ്രൂസ് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്, പോളികാർപ്പ് ആദരണീയനായ ഒരു വ്യക്തിയായിരുന്നു. യേശുക്രിസ്തുവിനെ നേരിട്ടുകണ്ടിട്ടുള്ളവരുമായി ബന്ധപ്പെട്ടിരുന്ന അവസാനത്തെ കണ്ണിയായിരുന്നു പോളികാർപ്പ്. അപ്പോസ്തലനായ യോഹന്നാന്റെ കാൽക്കീഴിരിന്നു അദ്ദേഹം പഠിച്ചിരുന്നു.

എപ്പോൾ, എങ്ങനെ പോളികാർപ്പ് ഒരു ക്രിസ്ത്യാനിയായി എന്നതിനു ചരിത്ര രേഖകളില്ല. എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ അദ്ദേഹം സ്മുർന്നയിൽ ശക്തമായ ശുശ്രൂഷ ചെയ്തു. എൺപത്തിയാറാമത്തെ വയസ്സിലായിരുന്നു ഈ ക്രിസ്തുശിഷ്യൻ രക്തസാക്ഷിത്വ മരണം വരിച്ചത്. എ.ഡി. 156-ൽ ക്രിസ്ത്യാനികൾക്കെതിരെയുള്ള പീഢനം ഏഷ്യാമൈനറിൽ ശക്തമായി. ഭരണകർത്താക്കൾ ക്രിസ്ത്യാനികളിൽ ചിലരെ കൊല്ലുവാൻ തീരുമാനിച്ചു. ഗെൾമാനിക്കസ് എന്ന യുവാവിനെ വന്യമൃഗങ്ങൾക്കു നൽകിയ സംഭവം കണ്ട ചിലർ കൊലക്കളത്തിൽവച്ചു തന്നെ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു. ഇതേസമയം പോളികാർപ്പിനും മരണഭീഷണിയുണ്ടാകുകയും, ഒരു ചെറിയ പെൺകുട്ടി പോളികാർപ്പിനെ തിരിച്ചറിയുകയും പട്ടാളക്കാരെ വിവരം അറിയിക്കുകയും ചെയ്തു. അങ്ങനെ പോളികാർപ്പ് പിടിക്കപ്പെട്ടു. മരണത്തെ ആത്മ ധൈര്യത്തോടെ സ്വീകരിക്കുവാൻ ആ ശുശ്രൂഷകൻ തീരുമാനിച്ചിരുന്നു. മരണത്ത മുമ്പിൽ കണ്ട്, പ്രാർത്ഥനയോടെ നിൽക്കുന്ന പോളികാർപ്പിനോട് ഈ സമയത്താണ് യേശുവിനെ തള്ളിപ്പറഞ്ഞ് രക്ഷപെടുവാൻ രാജാവ് പറഞ്ഞത്. പക്ഷെ പോളികാർപ്പിന്റെ മറുപടി അവരെ അത്ഭുതപ്പെടുത്തി.

**പ്രാർത്ഥനയുടെ അവസാനത്തിങ്കൽ അഗ്നിനാളങ്ങൾ ഉയർന്നു. പക്ഷെ, ആ അഗ്നിനാളങ്ങൾ പോളികാർപ്പിനെ വിഴുങ്ങിയില്ല. വെന്തെരിയാതെ നിൽക്കുന്ന വിശുദ്ധനെ കണ്ട് ജനങ്ങൾ അമ്പരന്നു നിന്നു. തീ ജ്വാലയുടെ നടുവിൽനിന്നുകൊണ്ട് പോളികാർപ്പ് ദൈവത്തെ സ്തുതിച്ചു. അഗ്നിനാളങ്ങൾക്കു നടുവിൽ സ്വർണ്ണസമാനമായി വിളങ്ങിയ പോളികാർപ്പിന്റെ മാർവ്വിൽ പടയാളി കുന്തംകൊണ്ട് കുത്തി. രക്തപ്രവാഹത്താൽ തളർന്നുവീണ പോളികാർപ്പിന്റെ മേൽ അവർ വീണ്ടും തീ കൂട്ടി. ആ അഗ്നിയിൽ പോളികാർപ്പിന്റെ ശരീരം കത്തിയമർന്നു.**



പോളികാർപ്പിനെ ദഹിപ്പിക്കുക എന്ന് ജനം ആരവം മുഴക്കി. ആ വിശുദ്ധനെ ദഹിപ്പിക്കുവാനായി വിറകുകൾ അവർ ശേഖരിച്ചു. ചിതയുടെ മദ്ധ്യത്തിലുള്ള കുറ്റിയോട് ചേർത്ത് ആണിയടിക്കുവാൻ ഒരുങ്ങിയപ്പോൾ പോളികാർപ്പ് പറഞ്ഞു, എന്നെ കുറ്റിയിൽ തറയ്ക്കേണ്ട, ഞാൻ ഇളകാതെ നിന്നുകൊള്ളാം. സ്വയം ദഹിക്കുവാൻ ധൈര്യം തന്നവൻ കുറ്റിയോട് ചേർന്ന് നിൽക്കുവാനും ധൈര്യം നല്കും. പോളികാർപ്പ് കണ്ണുകൾ ഉയർത്തി പ്രാർത്ഥിച്ചു.

തന്റെ രക്തസാക്ഷിത്വ മരണം സ്വീകരിക്കുവാനും വിട്ടേച്ചു പോകുന്ന വിശ്വാസികളെ അനാഥരായി വിടെരുതെന്നുമായിരുന്നു ആ പ്രാർത്ഥന. പ്രാർത്ഥനയുടെ അവസാനത്തിങ്കൽ അഗ്നിനാളങ്ങൾ ഉയർന്നു. പക്ഷെ, ആ അഗ്നിനാളങ്ങൾ പോളികാർപ്പിനെ വിഴുങ്ങിയില്ല. വെന്തെരിയാതെ നിൽക്കുന്ന വിശുദ്ധനെ കണ്ട് ജനങ്ങൾ അമ്പരന്നു നിന്നു. തീ ജ്വാലയുടെ നടുവിൽനിന്നുകൊണ്ട് പോളികാർപ്പ് ദൈവത്തെ സ്തുതിച്ചു. അഗ്നിനാളങ്ങൾക്കു നടുവിൽ സ്വർണ്ണസമാനമായി വിളങ്ങിയ പോളികാർപ്പിനെ മാർവ്വിൽ പടയാളി കുന്തംകൊണ്ട് കുത്തി. രക്തപ്രവാഹത്താൽ തളർന്നുവീണ പോളികാർപ്പിന്റെ മേൽ അവർ വീണ്ടും തീ കൂട്ടി. ആ അഗ്നിയിൽ പോളികാർപ്പിന്റെ ശരീരം കത്തിയമർന്നു.

**ചിന്താധാര:** എത്രയധികം ശോധനയിലൂടെ കടന്നാലും ഒരു വിശ്വാസിക്ക് അതിനെ അതിജീവിക്കാൻ കഴിയുമെന്ന് പോളികാർപ്പിന്റെ വിശ്വാസജീവിതം നമ്മെ പഠിപ്പിക്കുന്നു. മരണത്തെ ആത്മധൈര്യത്തോടെ സ്വാഗതം ചെയ്ത ആ ജീവിതം നമ്മുടെ മനസ്സിലേയ്ക്ക് പ്രകാശഗോപുരമായി ഉയരട്ടെ. ക്രിസ്തുനാഥനായി കത്തിയെരിയുവാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ...

*(അക്കാദമി ഓഫ് ലിവിംഗ് ലെറ്റേഴ്സ്)*

ഫീച്ചർ



# പെൺകുട്ടികൾ ബാധ്യതയോ...?

## കഴിഞ്ഞ 20 വർഷത്തിനുള്ളിൽ 10 കോടി പെൺകുട്ടികൾ ഇന്ത്യയിൽ കൊല്ലപ്പെട്ടു

സ്ത്രീ-ശിശുക്ഷേമത്തിനും ദൃഢമായ കുടുംബ ബന്ധങ്ങൾക്കും പേരുകേട്ട രാജ്യമായ ഇന്ത്യയിൽ നടമാടുന്ന ശിശുഹത്യയുടെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ ഓരോന്നായി ചുരുളഴിയുന്നു. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ 10 കോടി പെൺകുട്ടികൾ ഇന്ത്യയിൽ കൊല്ലപ്പെട്ടതായി വിവിധ മാധ്യമങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇന്ത്യയുടെ സ്ത്രീ-ശിശുക്ഷേമ വകുപ്പ് മന്ത്രി രേണുക ചൗധരി ഡൽഹിയിൽ നടന്ന ഒരു സെമിനാറിൽ പങ്കെടുത്തു സംസാരിക്കുമ്പോഴാണ് ഹൃദയഭേദകമായ ഈ വാർത്ത അറിയിച്ചത്. ജനിക്കുന്നതിനു മുൻപോ, ജനിച്ച ശേഷമോ മാതാപിതാക്കളുടെ അറിവോടെയാണ് ഇത്രയും കൊലപാതകങ്ങൾ ഇന്ത്യയിൽ നടന്നത്.

ജനിക്കുന്നതിനു മുൻപ് ലിംഗനിർണ്ണയം നടത്തുന്നത് ഇന്ത്യയിൽ നിരോധിച്ചിട്ടുണ്ടെങ്കിലും 50% കൊലപാതകങ്ങളും നടന്നിരിക്കുന്നത് ജനിക്കുന്നതിനു മുൻപാണ്. ജനിച്ച ശിശുവിന്റെ വായിലും മൂക്കിലും പൊടിമണൽ ഇട്ട് ശ്വാസംമുട്ടിച്ച് കൊല്ലുന്ന രീതിയാണ് പ്രധാനമായുള്ളത്. വായിൽ പുകയിലയിട്ട് തലകീഴായി പിടിച്ച് കൊല്ലുന്ന രീതിയും നിലവിലുണ്ടെന്നാണറിയുന്നത്. യുണിസെഫ് കണക്കുകളനുസരിച്ച് നൂറുകണക്കിന് പെൺകുട്ടികൾ ദിനംപ്രതി കൊല്ലപ്പെടുന്നുണ്ടെന്നാണ് വാർത്തയിൽ പറയുന്നത്.

പെൺകുട്ടികൾ കുടുംബത്തിന് ബാധ്യതയാണെന്നുള്ള ധാരണയാണ് മാതാപിതാക്കളെ ഈ ക്രൂരതയ്ക്ക് പ്രേരിപ്പിക്കുന്നത്. ജനനം മുതൽ വിവാഹം വരെ പെൺകുട്ടികൾക്കുവേണ്ടി ചിലവിടേണ്ട ഭീമമായ തുകയെക്കുറിച്ച് മാതാപിതാക്കളിൽ ഭയമുളവാക്കുകയും സർവ്വവും മറന്ന് ഈ കുറ്റകൃത്യത്തിനായി തയ്യാറാകുകയും ചെയ്യുന്നു. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾക്കുവേണ്ടി ചിലവാക്കേണ്ടത് വളരെ കൂടുതലാണെന്നാണ് ഇവരുടെ വാദം. സ്ത്രീധനം പോലുള്ള പ്രധാനപ്പെട്ട ചിലവുകളാണ് ഇവരെ ഇത്തരത്തിൽ ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നത്.

ജനാധിപത്യ രാജ്യമായ നമ്മുടെ ഇന്ത്യയിൽ നിലവിലുള്ള ബലഹീനമായ നിയമങ്ങളുടെയും, കുറവുകൾ പരിഹരിച്ച് അവ നടപ്പാക്കുന്നതിലെ ഉദാസീനതയുമാണ് ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കുന്നത്. കുട്ടികൾ ജനിക്കുന്നതിനു മുൻപുള്ള ലിംഗനിർണ്ണയവും, സ്ത്രീധനവും നിരോധിച്ചിട്ടുള്ള കാര്യങ്ങളാണെങ്കിലും ഇന്നും അവ തുടരുന്നു എന്നതാണ് സത്യം. സാമ്പത്തികമായി ഉയർന്നനിലയിലുള്ളവർ സ്ത്രീധനത്തെ പോക്കറ്റ് മണി എന്ന ഓമനപ്പേരിൽ പ്രോത്സാഹിപ്പിച്ച് തുടരുമ്പോൾ പാവങ്ങൾ അത് ബ്ലഡ് മണിയായി മാറുകയാണ്. ഒരു പെൺകുഞ്ഞിന്റെ രക്തത്തിന്റ വില.



ഞങ്ങളുടെ മാതാപിതാക്കളോടു പൊറുക്കേണമേ...

ദൈവചനത്തിന്റെ അടിസ്ഥാനത്തിൽ നാം ചിന്തിക്കുമ്പോഴാണ് ഈ സംഭവങ്ങളുടെ ഭീകരത മനസ്സിലാകുന്നത്. ഇരുളടഞ്ഞ ഇന്ത്യയിലെ ജനകോടികളുടെ അന്ധവിശ്വാസവും പാപപ്രവർത്തികളും ദൈവമുൻപാകെ അനീതിയായി വർദ്ധിച്ചുവരുമ്പോൾ നമ്മുടെ ഉത്തരവാദിത്വങ്ങൾ നാം മറക്കരുത്. ഇന്ത്യയെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് നമ്മിൽ നിന്നും ഉണ്ടാകേണ്ടത്.

മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ (സങ്കീ. 127:3) എന്ന് നാം വായിക്കുന്നു. ഈ അവകാശവും പ്രതിഫലവും പ്രാപിച്ച നമുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവത്തെ അറിയുവാനും വചനം മനസ്സിലാക്കുവാനും ലഭിച്ച ഭാഗ്യത്തിന് നന്ദിപറയാം. അതല്ലായിരുന്നുവെങ്കിൽ ഇന്ത്യയിലെ അന്ധത നിറഞ്ഞ ജനസമൂഹത്തിലെ അംഗങ്ങളായി നാമും ഈ ക്രൂരതകൾ ചെയ്യുമായിരുന്നു.

ഒരു നെടുവീർപ്പുകൊണ്ട് നമ്മുടെ കടമകൾ അവസാനിക്കുന്നില്ല. ഇന്ത്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവിടുത്തെ അന്ധതമാറി ദൈവീക വെളിച്ചം വീശേണ്ടതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും നാം കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മിൽനിന്ന് അത് ആഗ്രഹിക്കിന്നു.

സുവിശേഷത്തിന്റെ കൊടി ഇന്ത്യയിലെങ്ങും ഉയർത്തപ്പെടട്ടെ. ഇരുട്ടിന്റെ കോട്ടകൾ തകർക്കപ്പെടട്ടെ. ദൈവീക വെളിച്ചത്തിന്റെ കതിരുകൾ ഇന്ത്യയിലെങ്ങും വിളങ്ങട്ടെ. ദൈവത്താൽ നിയന്ത്രിതമായ ഒരു ഭാരതത്തിനായ് പ്രാർത്ഥിക്കാം. പ്രവർത്തിക്കാം.



**ബിജോയി പുന്നൻ**

## രചനയും രചയിതാക്കളും

# വേൾബ്രിറ്റ് നാഗൽ

മലയാളനാടിന് വിശിഷ്യാ ക്രിസ്ത്യാനികൾക്ക് മറക്കാനാവാത്ത മഹൽ വ്യക്തിയാണ് വി. നാഗൽ സായിപ്പ്. പതിനെട്ടാമത്തെ വയസ്സിൽ ക്രിസ്തുവിലായി ആത്മരക്ഷയുടെ സന്തോഷം സ്വായത്തമാക്കിയ അതുല്യ വക്തിയായിരുന്നു നാഗൽ സായിപ്പ്. ജർമ്മനിയിലെ ഹേസ്സൽ എന്ന സ്ഥലത്തു ജനിച്ചു. ദൈവഭക്തിയുള്ള മാതാപിതാക്കളാൽ വളർത്തപ്പെട്ടു. ബുദ്ധിമാനും സമർത്ഥനുമായ വിദ്യാർത്ഥിയായിരുന്നു നാഗൽ. ചെരുപ്പുകുത്തിയായ ഒരു സഞ്ചാര സുവിശേഷകന്റെ പ്രസംഗം കേട്ട് നാഗൽ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു.

1867 നവംബർ 3-ാം തീയതി ജനിച്ച നാഗൽ വൈദികനാകുവാൻ ആഗ്രഹിച്ച് സ്വിറ്റ്സർലണ്ടിലെ ബാസൽ ലൂഥറൻ സെമിനാരിയിൽ ചേർന്ന് പഠിച്ചു. 1893-ൽ 26-ാം വയസ്സിൽ വൈദികനായി. ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെ ഇന്ത്യയിൽ സാക്ഷിക്കുവാൻ ഇന്ത്യയിലേയ്ക്ക് യാത്ര തിരിച്ചു.

1893 ഡിസംബറിൽ താൻ കണ്ണൂരിലെത്തി. ഹെബിക് സായിപ്പിന്റെ പിൻഗാമിയായി ബാസൽ മിഷന്റെ മിഷനറിയായി പ്രവർത്തിച്ചു. ഒരു സ്ഥലത്തോ സഭയിലോ ഒതുങ്ങി നിൽക്കാതെ സ്വാതന്ത്ര്യമായി പ്രവർത്തിക്കുവാൻ മിഷൻ പ്രവർത്തനം ഉപേക്ഷിച്ചു. കാളവണ്ടിയിൽ യാത്ര ചെയ്ത് നാഗൽ സായിപ്പ് കുന്നംകുളത്തു വന്നു.

1897 ഏപ്രിൽ മാസത്തിൽ മിസ് ഹാരിയറ്റ് മിച്ചൽ എന്ന ആംഗ്ലോ ഇന്ത്യൻ വനിത സഹധർമ്മിണിയായി തീർന്നു. അദ്ധ്യാപികയായ ഭാര്യയുമൊത്ത് ബ്രദറൺ മിഷനറി ഹാൻലി ബേഡിന്റെ കീഴിൽ സ്നാനമേറ്റ് കുന്നംകുളം, വടക്കൻ പറവൂർ, തൃശൂർ, കുമ്പനാട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചു.

ലളിതവും അർത്ഥഗംഭീരവുമായ ഭാഷാശൈലിയിൽ മലയാളം പഠിച്ച് പ്രസംഗിക്കുകയും അനുഗ്രഹീത ഗാനങ്ങൾ രചിക്കുകയും ചെയ്തു. ഇന്നും പുതുമ നഷ്ടപ്പെടാത്ത 100-ൽ പരം ഗാനങ്ങൾ അദ്ദേഹം ക്രൈസ്തവ കൈരളിക്കു സമ്മാനിച്ചു. അവയെല്ലാം പ്രഭ വിതറുന്ന രത്നങ്ങളായി ശോഭിക്കുന്നു.

പാപക്കടം തീർക്കുവാൻ യേശുവിന്റെ രക്തം മാത്രം... എന്ന വിവർത്തനം ചെയ്ത ഗാനത്തിന്റെ പശ്ചാത്തലം ഇവിടെ ചേർക്കുന്നു. ഏകദേശം 35 വയസ്സുള്ള നാഗൽ സായിപ്പ് ഒരു യുവാവിനെ വഴിയിൽ കണ്ടുമുട്ടി. ആത്മപ്രേരണയാൽ സുവിശേഷം പറഞ്ഞു. ആ യുവാവ് ഇപ്രകാരം പരിചയപ്പെടുത്തി. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട താൻ ജയിലിൽ നിന്നു പരോളിൽ ഇറങ്ങിയതാണെന്നും അടുത്ത ദിവസം വീണ്ടും ജയിലിലേയ്ക്ക് മടങ്ങണമെന്നും പറഞ്ഞു. മിഷനറി സൗമ്യമായി സ്നേഹനാഥനും, പാപത്തിനു പരിഹാരം വരുത്തിയവനുമായ യേശുനാഥനെക്കുറിച്ചുള്ള ദൂത് അറിയിച്ചു. യുവാവ് തന്നെ യേശുവിനായി സമർപ്പിച്ചു. പാപം ഏറ്റുപറഞ്ഞു രക്ഷിക്കപ്പെട്ടു, വീണ്ടും ജയിലിലേയ്ക്ക് പോയി. വധശിക്ഷയുടെ ചില ദിവസം മുമ്പ് യുവാവിന്റെ ആഗ്രഹപ്രകാരം അനുവദിച്ച രണ്ടു ദിവസത്തെ പരോളിൽ യുവാവ് മിഷനറിയുടെ അടുക്കൽ വന്നു വിശ്വാസ സ്നാനം സ്വീകരിച്ചു മടങ്ങി ജയിലിലേയ്ക്ക് പോയി. പിറ്റേ ദിവസം ജയിലിലേയ്ക്ക് ചെന്ന മിഷനറി ആ സഹോദരനെ സന്തോഷവാനായി കണ്ടു. ഇരുവരും അത്പ്പസമയം ചില വിട്ടു. ഈ സമയം അദ്ദേഹത്തിന്റെ ഹൃദയത്തിലേയ്ക്കു വന്ന രികളാണ് "What can wash away my stain..." എന്ന ഗാനം. പ്രസിദ്ധമായ ഈ ഗാനത്തിന്റെ മലയാള പരിഭാഷയാണ് പാപക്കടം തീർക്കുവാൻ യേശുവിന്റെ രക്തം മാത്രം...

കുന്നകുളത്തു താമസിക്കുന്ന കാലത്ത് എഴുതിയ സമയമാം രഥത്തിൽ എന്ന ഗാനം മലയാളക്കരയിൽ എങ്ങും സുപരിചിതമാണ്. ഈ ഗാനം 17 ഭാഷകളിലേയ്ക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ നാഗൽ സായിപ്പിന്റെ ഗാനങ്ങൾ സ്മാരകമായി ഇന്നും നിലകൊള്ളുന്നു.



**കുന്നകുളത്തു താമസിക്കുന്ന കാലത്ത് എഴുതിയ സമയമാം രഥത്തിൽ എന്ന ഗാനം മലയാളക്കരയിൽ എങ്ങും സുപരിചിതമാണ്. ഈ ഗാനം 17 ഭാഷകളിലേയ്ക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ നാഗൽ സായിപ്പിന്റെ ഗാനങ്ങൾ സ്മാരകമായി ഇന്നും നിലകൊള്ളുന്നു.**

1914-ൽ സ്വദേശ സന്ദർശനത്തിനായി മക്കളോടൊപ്പം ജർമ്മനിയിലേയ്ക്ക് പോയ മിഷനറി അവിടെ എത്തിയ ശേഷം ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചു. അതുനിമിത്തം മടങ്ങിവരാൻ സാധിച്ചില്ല. ഇതിനിടയിൽ അദ്ദേഹം രോഗബാധിതനായി. ഇന്ത്യയിലായിരുന്ന തന്റെ ഭാര്യയും ജർമ്മിനിയിലെത്തി അദ്ദേഹത്തെ ശുശ്രൂഷിച്ചു. 1921 മെയ് 21-ാം തീയതി സമയമാം രഥമേറി താൻ പ്രിയം വെച്ച നാട്ടിലേയ്ക്ക് യാത്രയായി.

*(റീഡേഴ്സ് പബ്ലിക്കേഷൻസ്)*

**അടുത്ത ലക്കത്തിൽ**

*നിർഭാഗ്യത്തെ ഭാഗ്യമായി ചൊല്ലിയ*

**ഫാനി ക്രോസ്ബി**

# വടി

വടിയെന്നു കേട്ടാൽ നമ്മുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്ന ചിന്ത അടി എന്നല്ലേ? ശിക്ഷണത്തിനായി ഉപയോഗിക്കുന്ന ഒരു ഉപകരണമായി വടിയെ നാം മാറ്റിയെടുത്തിരിക്കുന്നു. നമ്മുടെ മക്കൾ അനുസരണക്കേടു കാട്ടുമ്പോൾ അവരെ ശിക്ഷിക്കുന്നതു വടി കൊണ്ടാണല്ലോ. ബാലശിക്ഷ നൽകുവാൻ വടികൊണ്ട് അടിക്കുന്നതിൽ തെറ്റില്ല എന്ന് ശലോമോൻ സദൃശ്യവാക്യങ്ങളിൽ വ്യക്തമാക്കുന്നു (സദൃ. 23:13). ദൈവവചനത്തിൽ പലയിടങ്ങളിലും വടിയുടെമഹത്വം വെളിപ്പെടുത്തിയിരിക്കുന്നതായി കാണാം. അവയിൽ ചിലതിലേയ്ക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം.

**ആശ്വസിപ്പിക്കുന്ന വടി** (സങ്കീ. 23:4)

23-ാം സങ്കീർത്തനത്തിൽ നല്ല ഇടയനായ കർത്താവിനെ നമുക്ക് ദർശിക്കുവാൻ സാധിക്കും. യഹോവയാകുന്ന നല്ല ഇടയൻ തന്റെ ആടുകളായ നമ്മെ എല്ലാവിധത്തിലും സംരക്ഷിക്കുന്നു. കൂരിരുൾ താഴ്‌വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല, കാരണം നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. ജീവിതമാകുന്ന വഴിയിലൂടെ നാം സഞ്ചരിക്കുമ്പോൾ ഇരുളിന്റെയും താഴ്‌വരയുടെയും അവസ്ഥകൾ വന്നാലും പേടിക്കേണ്ടതില്ല. നല്ലിടയനായ കർത്താവ് തന്റെ സ്നേഹത്തിന്റെ വടിയാൽ നമുക്ക് ആശ്വാസം നൽകും. ആടുകൾക്ക് ശിക്ഷ നൽകുവാൻ മാത്രമല്ല, ഉയരത്തിൽ നിൽക്കുന്ന മരക്കൊമ്പുകൾ ചായിച്ച് ആഹാരം നൽകുവാനും ഇടയൻ തന്റെ വടി ഉപയോഗിക്കുന്നു.

നമ്മുടെ ജീവിതത്തിൽ ദു:ഖത്തിന്റെയും പ്രയാസങ്ങളുടെയും അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. എങ്കിലും അസാദ്ധ്യമെന്നു നമുക്കു തോന്നുന്ന പല കാര്യങ്ങളും ദൈവം സാദ്ധ്യമാക്കിത്തരുന്നു. ഇവ ഓർത്ത് നമുക്ക് ദൈവത്തിനു നന്ദി കരേറ്റാം. അനുസരണമുള്ള കുഞ്ഞാടുകളായി നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്താം.

**അതിശയത്തിന്റെ വടി** (പുറ. 4:2,3)

ഒരു മിസ്രയീമ്യനെ കൊന്നു മണലിൽ മറവുചെയ്ത വിവരം ഫറവോൻ അറിഞ്ഞാലുണ്ടാകുന്ന ഭവിഷത്ത് മനസ്സിലാക്കി മിദ്യാനിലേയ്ക്ക് ഓടിപ്പോയ മോശെ യിത്രോവിന്റെ ആടുകളെ മേയിക്കുന്ന സന്ദർഭത്തിലാണ് ദൈവീക അരുളപ്പാടുണ്ടായത്. സംശയാലുവായി നിന്ന മോശെയോട് ദൈവം ചോദിച്ചു: നിന്റെ കയ്യിൽ ഇരിക്കുന്നതെന്ത്? ഒരു വടി എന്ന് അവൻ ഉത്തരം പറഞ്ഞു. ആടുകളെ മേയിച്ചുനടന്നിരുന്ന മോശെയുടെ ആകെയുള്ള സമ്പാദ്യമായിരുന്നു വടി. അത് നിലത്തിടുവാൻ ദൈവം കൽപ്പിച്ചു. നിലത്തിട്ടപ്പോൾ വടി ഒരു സർപ്പമായി മാറി. അതു കണ്ടു മോശെ പേടിച്ചു. നോക്കുക, അനേക വർഷങ്ങളായി തന്റെ കയ്യിൽ കൊണ്ടുനടന്ന വസ്തുവിനെ മോശെ പേടിക്കുന്നു.

നമ്മുടെ ജീവിതത്തിലും നാം അമൂല്യമെന്നു കരുതിയിരിക്കുന്ന പലതിന്റെയും തനിരൂപം അറിയണമെങ്കിൽ അതിനെ നിലത്തിടണം. നമ്മടെ ധനം, കഴിവുകൾ, പദവി എന്നുവേണ്ട ചെറുതും വലുതുമായ ഏതു കാര്യങ്ങളായാലും നിലത്തിട്ടാൽ നമ്മെ തിരിഞ്ഞുകൊത്തുന്ന സർപ്പമായി തീരും.

ദൈവത്തിന്റെ വാക്കുകൾ അനുസരിച്ച് മോശെ കൈനീട്ടി അതിനെ പിടിച്ചപ്പോൾ വീണ്ടും വടിയായി മാറി. ജീവിതത്തിൽ നാം പ്രാധാന്യം നൽകുന്നതെന്തും ദൈവകൽപ്പനപ്രകാരം ഉപയോഗിച്ചാൽ അതു ദൈവനാമ മഹത്വത്തിനായി തീരും. നമ്മുടെ ധനം, കഴിവുകൾ, പദവി എന്നിവകൊണ്ടെല്ലാം ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാധിക്കും.

**അത്ഭുതത്തിന്റെ വടി** (സംഖ്യ. 22:27)

കൂട്ടമായി വരുന്ന യിസ്രായേൽ ജനങ്ങളെ പേടിച്ച മോവാബ് രാജാവായ ബാലാക്കിനെ സഹായിക്കുവാനായി പുറപ്പെടുവാൻ ദൈവത്തോടു അനുവാദം ചോദിച്ച ബിലെയാമിനോട് ദൈവം പോകരുതെന്നു കൽപ്പിച്ചു. വീണ്ടും അവൻ ചോദിച്ചപ്പോൾ പൊയ്ക്കൊള്ളുവാനും ഞാൻ കൽപ്പിക്കുന്നതു മാത്രമെ ചെയ്യാവൂ എന്നും ദൈവം താക്കീതു നല്കി.

നമ്മുടെ ജീവിതത്തിൽ നാം പലപ്പോഴും ദൈവത്തോടു അനുവാദം വാങ്ങുന്നത് ഇപ്രകാരമാണ്. ഒരിക്കൽ ദൈവം വേണ്ട എന്നു കൽപ്പിച്ചാൽ അതിന്റെ ഗൗരവം മനസ്സിലാക്കാതെ വാശിപിടിച്ചു കരയുന്ന കുഞ്ഞുങ്ങളെപ്പോലെ നാം വീണ്ടും ചോദിച്ചുകൊണ്ടിരിക്കും. ഒരു പക്ഷെ മനസ്സില്ലാതെ ദൈവം അനുവാദം തന്നു എന്നും വരാം. അതിന്റെ ഭവിഷ്യത്തുകൾ നാം നിശ്ചയമായും അനുഭവിക്കും.

ഇവിടെ ബിലയാം കഴുതയുമായി മോവാബ്യ പ്രഭുക്കന്മാരുടെ കൂടെ പുറപ്പെടുമ്പോൾ ദൈവത്തിന്റെ കോപം ജ്വലിച്ചു എന്നു കാണാം. ദൈവത്തിന്റെ ദൂതൻ വാളുമായി വഴിയിൽ നിൽക്കുന്നത് അവന്റെ കഴുത കണ്ട് പേടിച്ച് വഴിയിൽനിന്നു മാറിപ്പോയി. ലക്ഷ്യം തെറ്റിയ കഴുതയുടെ പോക്കുകണ്ട് ബിലെയാം അതിനെ വടികൊണ്ട് അടിച്ചു. അടിയുടെ വേദന സഹിക്കുവാൻ കഴിയാതെ കഴുത വായ് തുറന്നു സംസാരിക്കുന്നതായി കാണാം. ഇക്കാലമൊക്കെയും നിന്നെ ചുമന്നുകൊണ്ടു നടന്ന എന്നെ നീ അടിക്കുന്നതെന്ത്? ഞാൻ ഇങ്ങനെ നിന്നോടു കാണിച്ചിട്ടുണ്ടോ എന്നുള്ള കഴുതയുടെ ചോദ്യത്തിനു മുമ്പിൽ ബിലെയാമിന്റെ കണ്ണു തുറന്നു. തന്റെ അനുസരണക്കേട് ബോദ്ധ്യമായപ്പോൾ ഞാൻ പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു ദൈവദൂതന്റ കാൽക്കൽ വീണു. പിന്നീട് ദൈവദൂതന്റെ അനുവാദപ്രകാരം യാത്ര തുടർന്നു. യിസ്രായേലിനെ ശപിക്കുവാൻ തീരുമാനിച്ചിരുന്ന ബിലെയാം ദൈവകൽപ്പന പ്രകാരം അവരെ അനുഗ്രഹിക്കുന്നതായും തുടർന്നുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു.

ബിലെയാമിനു തന്റെ തെറ്റ് ബോദ്ധ്യമായത് വടികൊണ്ടുള്ള അടിയാൽ കഴുത സംസാരിച്ചപ്പോഴെങ്കിൽ, നമ്മുടെ തെറ്റായ തീരുമാനങ്ങൾ തിരുത്തുവാൻ പ്രതിസന്ധികളും പ്രയാസങ്ങളും ദൈവം തരുന്നു. ആകയാൽ മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി അടിയെനെ ശുദ്ധീകരിക്കണമെ എന്നുള്ള പ്രാർത്ഥനയോടെ ജീവിതം നയിക്കാം.

**രക്ഷയുടെ (വിടുതലിന്റെ) വടി** (പുറ. 14:16)

മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ നിന്നും രക്ഷപ്രാപിച്ച യിസ്രായേൽ ജനങ്ങളെ ഫറവോന്റെ സൈന്യം പിൻതുടരുന്നതായി അവർ കണ്ടു.

> **ജീവിതമാകുന്ന വഴിയിലൂടെ നാം സഞ്ചരിക്കുമ്പോൾ ഇരുളിന്റെയും താഴ്‌വരയുടെയും അവസ്ഥകൾ വന്നാലും പേടിക്കേണ്ടതില്ല. നല്ലിടയനായ കർത്താവ് തന്റെ സ്നേഹത്തിന്റെ വടിയാൽ നമുക്ക് ആശ്വാസം നൽകും. ആടുകൾക്ക് ശിക്ഷ നൽകുവാൻ മാത്രമല്ല, ഉയരത്തിൽ നിൽക്കുന്ന മരക്കൊമ്പുകൾ ചായിച്ച് ആഹാരം നൽകുവാനും ഇടയൻ തന്റെ വടി ഉപയോഗിക്കുന്നു.**



**അമൃത മാത്യു**

**ദുബായ്**

ഭയത്തോടെ നിലവിളിച്ചുകൊണ്ട് അവർ മോശെയോടു പറയുന്നു: മരുഭൂമിയിൽവെച്ച് മരിക്കുവനാണോ നീ ഞങ്ങളെ കൂട്ടിക്കൊണ്ടു വന്നത്. മിസ്രയിമിൽ അടിമവേല ചെയ്യുന്നതായിരുന്നു ഇതിലും നല്ലത്. എന്നാൽ മോശെ അവരോടു ഇന്നു നിങ്ങൾ ദൈവത്തിന്റെ രക്ഷകാണുമെന്നു പറഞ്ഞ് ആശ്വസിപ്പിച്ചു. ജീവരക്ഷയെ കരുതി ഓടിയ ജനം ചെങ്കടിന്റെ അരികിലെത്തി. മോശെ ദൈവത്തിന്റെ വടി കടലിന്മേൽ നീട്ടി. ചെങ്കടൽ രണ്ടായി പിളർന്നു, ഉണങ്ങിയ നിലത്തു കൂടി ജനം മറുകര എത്തി. വടി വീണ്ടും ചെങ്കടലിന്മേൽ മോശെ നീട്ടിയപ്പോൾ വെള്ളം കൂടിചേർന്നു എന്നുമാത്രമല്ല തങ്ങളെ കൊല്ലുവാനായി പിൻതുടർന്ന ഫറവോനെയും സൈന്യത്തെയും ദൈവം ചെങ്കടലിൽ തള്ളിയിട്ടു. ചെങ്കടലിൽ വീണു മരിക്കേണ്ടിയിരുന്ന യിസ്രായേൽ ജനത്തിന്റെ രക്ഷയ്ക്ക് കാരണമായിതീർന്നത് മോശെയുടെ വടിയാണ്.

പാപക്കടലിൽ മുങ്ങി മരിക്കേണ്ടിയിരുന്ന നമ്മെ രക്ഷിപ്പാനായി സ്നേഹവാനായ ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേയ്ക്ക് അയച്ചു. നിന്ദയും, പരിഹാസവും, ശാരീരിക പീഢനവും ഏറ്റ കർത്താവിനെ കോൽ കൊണ്ട് തലയിൽ അടിച്ചതായി നാം സുവിശേഷത്തിൽ കാണുന്നു (മത്താ. 27:30). കരുണാസമ്പന്നനായ കർത്താവ് കോൽകൊണ്ടുള്ള അടി ഏറ്റതുകൊണ്ട് നമുക്ക് ആത്മരക്ഷ ലഭിപ്പാൻ ഇടയായി. ആയതിന് നാം ദൈവത്തിന് ആയിരമായിരം സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

ദൈവം കൽപ്പിക്കുന്നതെന്തും പൂർണ്ണമായി അനുസരിച്ചും ദൈവീക നടത്തിപ്പിൽ പൂർണ്ണമായി വിശ്വസിച്ചും ദൈവം ഒരുക്കിയിരിക്കുന്ന വഴികളെ അംഗീകരിച്ചും ജീവിക്കുന്നു എങ്കിൽ നമുക്ക് അതിശയങ്ങളും അത്ഭുതങ്ങളും കാണുവാനും ആശ്വാസവും ആത്മരക്ഷയും പ്രാപിക്കുവാനും കഴിയും. ദൈവം നമ്മെ സഹായിക്കട്ടെ.

പ്രായോഗികം

# സമാധാനത്തിനും ആത്മികവർദ്ധനെക്കും ശ്രമിച്ചുകൊൾക

**സൂസൻ റോയി, അബുദാബി**

വിശ്വാസത്താലുള്ള നീതീകരണം എന്നത് റോമാലേഖനത്തിലെ പ്രമുഖ വിഷയമാണ്. ദൈവം, തന്റെ നീതിമാനായ പുത്രന്റെ പാപപരിഹാര യാഗം മൂലം അവനിൽ വിശ്വസിക്കുന്ന പാപികളായ മനുഷ്യരെ നീതിമാന്മാരായി പ്രഖ്യാപിക്കുവാൻ കഴിയുന്ന, അവന്റെ കൃപയിൻ കരുതലിനെ ഈ ലേഖനത്തിന്റെ 1-11 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശ്വാസത്താൽ നീതികരിക്കപ്പെട്ട വ്യക്തികളുടെ ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സന്തോഷകരമായ ഒരു പുതുജീവിതം നയിക്കുവാൻ അവർക്കു സാധിക്കുമെന്നും ഈ ലേഖനം വ്യക്തമാക്കുന്നു.

റോമർ 14:19-ൽ ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മീകവർദ്ധനെക്കും ഉള്ളതിനു ശ്രമിച്ചുകൊൾക എന്ന് വായിക്കുന്നു. ആകയാൽ എന്നു പറയുമ്പോൾ അതിനു മുൻപു പറഞ്ഞ കാര്യങ്ങൾകൂടി ശ്രദ്ധിക്കണം. 14:1-16 വരെ എന്തൊക്കെ ചെയ്യരുത്, എന്തുകൊണ്ട് അങ്ങനെ ചെയ്യരുത് എന്നീ വിഷയങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. നാം എന്നുപറയുമ്പോൾ റോമാ സഭയിലുണ്ടായിരുന്ന യഹൂദനും പുറജാതിയിൽനിന്നു കർത്താവിനെ സ്വീകരിച്ചുവന്ന വിശ്വാസിയും, ഈ കൃപായുഗത്തിൽ കർത്താവിനെ വിശ്വസിക്കുന്ന ഓരോരുത്തരും ഈ കൽപ്പന അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ശ്രമിച്ചുകൊൾക എന്നുള്ള ക്രിയാപദമാണ് ഉപയോഗിച്ചിരിക്കുന്നത്. അഥവാ സകല പ്രയത്നവും ചെയ്തുകൊൾക. മൂലഭാഷയിൽ വിട്ടുപിരിയാതെ പിൻതുടരുക എന്നാണ്. നാം വിട്ടുപിരിയാതെ പിൻതുടരേണ്ടത് എന്താണ്?

രണ്ടുകാര്യങ്ങൾക്കായി നാം ശ്രമിക്കണം.

1. സമാധാനത്തിനായി ശ്രമിക്കണം
2. ആത്മീക വർദ്ധനെക്കായി ശ്രമിക്കണം

### സമാധാനത്തിനായി ശ്രമിക്കണം

യഹൂദന്മാർ തമ്മിൽ കാണുമ്പോൾ അഭിവാദ്യം ചെയ്യുന്നത് ഷാലോം എന്ന പദം ഉപയോഗിച്ചാണ്. ഇതിനു സമാധാനം എന്നാണർത്ഥം. ഈ കലാപകലുഷിതമായ ലോകത്തിൽ സമാധാനം എന്നു കേൾക്കുന്നതുതന്നെ ആശ്വാസമാണ്. യിസ്രായേലിനെ സംബന്ധിച്ചിടത്തോളം ഒരു അനുഗ്രഹമായി സമാധാനം നൽകിയിരുന്നു (സംഖ്യ. 6:26, സങ്കീ. 29:11). എന്നാൽ ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും, പ്രത്യാശയില്ലാത്തവരും, ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്ന നമുക്ക് എങ്ങനെ ഈ സമാധാനം അവകാശമാക്കുവാൻ സാധിച്ചു?

നമുക്ക് സമാധാനം നൽകുവാൻ ഒരു സമാധാന പ്രഭു ജനിച്ചു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. അവനു...... സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും (യെശ. 9:6). ഈ സമാധാന പ്രഭുവായവൻ ലോകത്തിലേയ്ക്ക് പിറന്നപ്പോൾ സ്വർഗ്ഗീയ സൈന്യത്തിന്റെ സംഘം ദൂതനോടു ചേർന്നുപാടി, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം (ലൂക്കോസ് 2:14). ദൈവത്തിന്റ പ്രസാദം ലഭിക്കുന്നവർക്കാണ് സമാധാനം ഉള്ളത്. ഈ സമാധാന പ്രഭു തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തു, സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു (യോഹ. 14:27). ഈ സമാധാനം ദൈവത്തിന്റെ ദാനമാണ്. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംമൂലം അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി (കൊലൊ. 1:20). അങ്ങനെ യേശുക്രിസ്തുമൂലം സമാധാനം ലഭിച്ചവരായ നാം സാമാധാനത്തിൽ ജീവിക്കേണ്ടത് ആവശ്യമാണ്.

ആത്മാവിന്റെ ഫലമാണ് സമാധാനം. ക്രിസ്തുവിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു എങ്കിൽ നാം ആത്മാവിന്റെ ഫലം പുറപ്പെടുവിക്കേണ്ടത് ആവശ്യമാണ്. സമാധാനം തിരഞ്ഞെടുക്കുക മാത്രമല്ല അതിയായ ആഗ്രഹത്തോടെ അതിനെ പിൻതുടരുകയും ചെയ്യേണ്ടതാണ്. സമാധാനം അന്വേഷിച്ചു പിൻതുടരുക എന്ന് നാം സങ്കീർത്തങ്ങളിൽ വായിക്കുന്നു (സങ്കീ. 34:14).

ഒരു വിശ്വാസി ലോകത്തിൽ ജീവിക്കുമ്പോൾ സാമൂഹ്യപരമായി എല്ലാവരോടും സമാധാമായിരിക്കണം. കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാമായിരിപ്പിൻ (റോമർ 12:18). സഭയോടുള്ള ബന്ധത്തിൽ, ശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനം ആചരിക്ക (2തിമോ. 2:22) എന്നു വായിക്കുന്നു. നമ്മുടെ കുടുംബത്തിലും നാം സമാധാനത്തോടെ ജീവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ

> **ആകയാൽ നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മികവർദ്ധന വരുത്തിയും പോരുവിൻ. തെസ്സലോനിക്യ സഭ അങ്ങനെ ചെയ്തുവന്നിരുന്നു. ഇന്നു നമ്മോടുള്ള ദൂതും ഇതുതന്നെയാണ്. നാം സമാധാനത്തിനും അന്യോന്യം ആത്മികവർദ്ധനെക്കും ഉള്ളതിനു ശ്രമിച്ചുകൊൾക.**

വിളിച്ചിരിക്കുന്നു (1 കൊരി. 7:15).

ലോകത്തിൽ ആർക്കും സമാധാനം നൽകാൻ കഴിയാതിരിക്കുമ്പോൾ ദൈവം നൽകുന്ന സമാധാനം നമ്മുടെ കഴിവിനും അറിവിനും അപ്പുറത്താണ്. അത് സകല ബുദ്ധിയെയും കവിയുന്നതാണെന്നു ഫിലി. 4:7-ൽ വായിക്കുന്നു.

സമാധാനം ഉണ്ടാക്കുന്നവർക്കു ദൈവം നൽകുന്ന പ്രതിഫലങ്ങൾ ശ്രദ്ധേയമാണ്. സമാധാനം ഉണ്ടാക്കുന്നവർക്ക് നീതി ലഭിക്കുന്നു (യാക്കോ. 3:18) സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും (മത്താ. 5:9).

സമാധാനമില്ലാതിരുന്ന നമുക്ക് സമാധാനപ്രഭുവായവൻ ദൈവത്തോടു സമാധാനം ഉണ്ടാക്കിതന്നു. ആയതിനാൽ നാം അന്യോന്യം സമാധാനം ആചരിക്കുകയും, സാമാധാനം ഉണ്ടാക്കുന്നവരും ആയിത്തീരാം.

### ആത്മീകവർദ്ധനെക്കായി ശ്രമിക്കണം

എഫെ. 4:11-13. ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനെക്കു വേണ്ടി ഓരോരുത്തരെയും കൃപാവരങ്ങൾ തന്നു നിർത്തിയിരിക്കുന്നു. ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മീയ മന്ദിരമാണ് ക്രിസ്തീയ സഭ. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്കു ആത്മീകവർദ്ധനവിനുവേണ്ടി നാം അന്യോന്യം ആത്മീകവർദ്ധനവു വരുത്തേണ്ടതാകുന്നു.

*(ശേഷം 9-ാം പേജിൽ)*

## ചിന്തയ്ക്ക്

# ഏകമനസ്സും ഏകചിന്തയും

എന്റെ കുടുംബം എന്തുകൊണ്ട് അഭിവൃദ്ധി പ്രാപിക്കുന്നില്ല, എന്റെ സഭയിൽ എന്തുകൊണ്ട് ആത്മീയ ഉണർവ്വുണ്ടാകുന്നില്ല എന്നുള്ള മനോഭാരത്താൽ വിഷമിച്ചിരുന്ന ഒരു വിശ്വാസി, തന്റെ സമീപത്ത് ഒരു എറുമ്പു കൂട്ടത്തെ കണ്ടു. ഒരു ചെറിയ കഷണം ശർക്കര എഴെട്ടു എറുമ്പുകൾ ചേർന്ന് എടുക്കുന്നതിനു പ്രയാസപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ശർക്കര കഷണം അനങ്ങുന്നില്ല. ശർക്കര കഷണം വളരെ ചെറുതായിരുന്നു. ഏഴെട്ടു എറുമ്പുകളുടെ ബലം അധികമായിരുന്നു. പക്ഷെ എന്തുകൊണ്ട് അനങ്ങുന്നില്ല?

കാരണത്തെ അദ്ദേഹംതന്നെ കണ്ടുപിടിച്ചു. എട്ട് എറുമ്പുകളും എട്ടു സ്ഥലത്തുനിന്ന് എട്ടു വശത്തേയ്ക്ക് വലിച്ചിഴയ്ക്കാൻ ശ്രമിച്ചതിനാൽ ശർക്കര കഷണം നീങ്ങിയില്ല. ഈ എട്ട് എറുമ്പുകളും ചേർന്ന് ഒരു വശത്തേയ്ക്ക് വലിച്ചിരുന്നു എങ്കിൽ എത്രവേഗത്തിൽ ശർക്കരയെ ലക്ഷ്യസ്ഥാനത്ത് എത്തിക്കാമായിരുന്നു.

ഈ ചെറിയ സംഭവത്തിൽ നിന്ന് അദ്ദേഹത്തിന് ഒരു വലിയ കാര്യം മനസ്സിലായി. തന്റെ കുടുംബവും സഭയും എന്തുകൊണ്ട് അഭിവൃദ്ധിപ്പെടുന്നില്ല എന്നത്. തന്റെ കുടുംബത്തിൽ ഐക്യമില്ലാതെ ഓരോരുത്തർക്കും ഭിന്നാഭിപ്രായങ്ങളും, വിവിധ ചിലവുകളും, പലതരം ഇഷ്ടങ്ങളും നിലനിൽക്കുന്നതു കൊണ്ടുതന്നെയാണ് അഭിവൃദ്ധിയും പുരോഗമനവും ഉണ്ടാകാത്തത്, തന്റെ സഭയിലും ആത്മീയ ഉണർവ്വ് ഇല്ലാതിരിക്കുന്നതിനും കാരണം ഇതു തന്നെയാണെന്നും മനസ്സിലായി.

ഏകമനസ്സും ഒത്തൊരുമിച്ചുള്ള പ്രവർത്തനവും നമുക്കത്യാവശ്യമാണ്. ദൈവഭക്തിയിലും കർത്താവിനുവേണ്ടി കൊടുക്കുന്നതിലും ഏകമനസ്സും ഏകചിന്തയും ഉണ്ടായിരിക്കണം. പൂർവ്വകാല ചരിത്രം നാം പരിശോധിച്ചാൽ ഇതിനു തെളിവുകൾ ധാരാളം കാണാം. അപ്പൊ. പ്രവൃ. 4:32, വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു.

പുതിയൊരു ഉണർവ്വിനും അഭിവൃദ്ധിക്കുമായി ഈ ചിന്ത നമ്മെ നയിക്കട്ടെ.

# സമാധാനത്തിനും...

(8-ാം പേജ് തുടർച്ച)

എവിടെനിന്നും ആത്മീകവർദ്ധനെവ് ലഭിക്കുന്നു എന്നു നാം മനസിലാക്കേണ്ടതുണ്ട്. ഒന്നാമതായി ക്രിസ്തുവിൽ വേരൂന്നണം. കൊലൊ. 2:7, അവനിൽ വേരൂന്നിയും ആത്മീകവർദ്ധനവു പ്രാപിച്ചും ഇരിപ്പിൻ. തലയായവനിൽനിന്നല്ലോ ശരീരം മുഴുവനും സന്ധികളാലും ഞരമ്പുകളാലും ചൈതന്യം പ്രാപിച്ചും ഏകീഭവിച്ചും ദൈവീകമായ വളർച്ച പ്രാപിക്കുന്നു. (കൊലൊ. 2:19).

നമ്മിൽ ഓരോരുത്തരിലും ആത്മീകവർദ്ധനവ് ഉണ്ടാകേണ്ടത് ആവശ്യമാണ്. യൂദാ 20-ാം വാക്യത്തിൽ നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കുതന്നെ ആത്മീകവർദ്ധനവു വരുത്തിയും പോരുവിൻ. ക്രിസ്തീയ സഭയുടെ ആത്മീക കെട്ടുപണി ശരിയായ നിലയിൽ പുരോഗമിക്കണമെങ്കിൽ വിശ്വാസികൾ തന്നെ സ്വയം ആത്മീക വർദ്ധന വരുത്തിക്കൊണ്ടിരിക്കണം. ദൈവം നമുക്കു തന്നിരിക്കുന്ന കൃപാവരങ്ങളെ ജ്വലിപ്പിക്കുന്നതുമൂലം ആത്മീകവർദ്ധനവ് ഉണ്ടാകുന്നു.

മറ്റുള്ളവർക്ക് എങ്ങനെ ആത്മീകവർദ്ധനവ് വരുത്തുവാൻ കഴിയുമെന്നുകൂടി നമുക്ക് ചിന്തിക്കാം. 1 കൊരി. 8:1, സ്നേഹമോ ആത്മീകവർദ്ധനവു വരുത്തുന്നു. നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ, ആ സ്നേഹം മറ്റുള്ളവർ ദർശിക്കുമ്പോൾ അത് ആത്മീക വർദ്ധനവിനു കാരണമായ് തീരുന്നു. എഫെ. 4:29, കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനു ആവശ്യംപോലെ ആത്മീകവർദ്ധനയ്ക്കായി നല്ലവാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്. നമ്മുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കണം. 1 കൊരി. 14:3-4, പ്രവചിക്കുന്നവൻ സഭയ്ക്കു ആത്മീകവർദ്ധനവു വരുത്തുന്നു. നമ്മുടെ പ്രംഗങ്ങൾ, പ്രബോധനങ്ങൾ എല്ലാം ആത്മീകവർദ്ധനവിനു ഉതകുന്നതായിരിക്കണം.

1 തെസ്സ. 5:11 ൽ ആകയാൽ നിങ്ങൾ ചെയ്തുവരുന്നതു പോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മികവർദ്ധന വരുത്തിയും പോരുവിൻ. തെസ്സലോനിക്യ സഭ അങ്ങനെ ചെയ്തു വന്നിരുന്നു. ഇന്നു നമ്മോടുള്ള ദൂതും ഇതുതന്നെയാണ്. നാം സമാധാനത്തിനും അന്യോന്യം ആത്മികവർദ്ധനെക്കും ഉള്ളതിനു ശ്രമിച്ചുകൊൾക. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

## ഉൾക്കാഴ്ച

# കറുത്ത ഡയറി

ജോർജ് എക്കോസ് ഒരു നല്ല കലാകാരനായിരുന്നു. ഗ്രീസിൽനിന്ന് അമേരിക്കയിൽ കുടിയേറിപ്പാർത്ത അദ്ദേഹത്തിനു ചെരിപ്പു നിർമ്മാണമായിരുന്നു തൊഴിൽ. ഒഹായോയിലെ ടിഫിൻ എന്ന കൊച്ചു പട്ടണത്തിലായിരുന്നു അദ്ദേഹം പാർത്തിരുന്നത്. ജോർജ് എക്കോസിന്റെ ചെരിപ്പ് പ്രസിദ്ധമായിരുന്നു. അത്രയ്ക്ക് കലാഭംഗിയും രൂപഭദ്രതയും ഉറപ്പും അതിനുണ്ടായിരുന്നു. പ്രകൃത്യാ ശാന്തനും ബുദ്ധിമാനുമായ അദ്ദേഹം തന്റെ തൊഴിലിടപാടുകൾക്ക് ആവശ്യമുള്ളിടത്തോളം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പഠിച്ചു. ധാരാളം ആളുകൾ അദ്ദേഹത്തിന്റെ ചെരിപ്പു കടയിൽ വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ മറ്റുള്ളവരെക്കുറിച്ച് അപവാദം പറയുക മാത്രം തൊഴിലാക്കിയിട്ടുള്ളവരും വരും. അവർ പറയുന്ന അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളെക്കുറിച്ചോ അപവാദങ്ങളെക്കുറിച്ചോ വേണ്ടവണ്ണം ആലോചിച്ചല്ല പറയാറുള്ളത്. എന്നാൽ മറ്റുള്ളവരുടെമേൽ ചെളിവാരിയെറിയുന്ന ഇത്തരം സംഭാഷണങ്ങൾ ആരംഭിക്കുമ്പോൾ അവർ പറയുന്നത് എന്താണെന്നു മനസിലാകാത്തവനെപ്പോലെ ജോർജ് എക്കോസ് നിശബ്ദനായിരിക്കും. ഒടുവിൽ തന്റെ പോക്കറ്റിൽ കിടക്കുന്ന കറുത്ത പുറംചട്ടയുള്ള ഡയറിയെടുത്ത് അവരുടെ കൈയിൽ കൊടുത്തിട്ട് ഇങ്ങനെ പറയും:

സ്നേഹിതന്മാരേ, നിങ്ങൾ എന്താണ് പറഞ്ഞതെന്ന് ദയവായി ഈ ഡയറിയിൽ ഒന്നു എഴുതുക. എനിക്ക് ഇംഗ്ലീഷ് നല്ല വശമില്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ. നിങ്ങൾ എഴുതുന്നത് എനിക്ക് പഠിക്കണം. പിന്നെ ഒരു കാര്യം മറക്കല്ലേ. നിങ്ങളുടെ പേരും ഒപ്പും അതിൽ കുറിച്ചേക്കണം.

തങ്ങൾ പറഞ്ഞ കാര്യങ്ങൾ ആ ഡയറിയിൽ എഴുതുവാൻ അവർ വിസമ്മതിക്കും. എത്ര നിർബന്ധിച്ചാലും അവർ എഴുതുകയില്ല.

നിങ്ങൾക്ക് ഈ ഡയറിയിൽ എഴുതാൻ പാടില്ലാത്ത കാര്യങ്ങളാണ് പറയുന്നതെങ്കിൽ അങ്ങനെയുള്ളത് പറയാതിരിക്കുകയാണ് വേണ്ടത്. ജോർജ് എക്കോസ് അവരോടു ദൃഢസ്വരത്തിൽ പറയും.

ആ ചെറിയ പട്ടണത്തിലെ ജനങ്ങളുടെ ജീവിതത്തിൽ അദ്ദേഹത്തിന്റെ കറുത്ത ഡയറിയുടെ പ്രമാണം അലിഞ്ഞുചേർന്നു. മറ്റുള്ളവരെപ്പറ്റി അപവാദം പറയുകയും വെറുംവാക്കുകൾ പറഞ്ഞു സമയം കളയുകയും ചെയ്യുമ്പോൾ ജോർജ് എക്കോസിന്റെ കറുത്ത ഡയറിയുടെ കാര്യം മറക്കരുതേ എന്ന് ചിലർ ഇപ്പോഴും ഓർമ്മിപ്പിക്കാറുണ്ട്.

മറ്റുള്ളവരെപ്പറ്റി ഉള്ളതും ഇല്ലാത്തതും പറയുകയും, അപവാദങ്ങൾ പറഞ്ഞുപരത്തുകയും, പറയുന്ന കാര്യങ്ങളുടെ ദൂരവ്യാപകമായ ദുഷ്ഫലങ്ങളെക്കുറിച്ച് ആലോചിക്കാതെ പരദൂഷണങ്ങളിലേർപ്പെടുകയും ചെയ്യുന്ന പതിവ് അമേരിക്കയിൽ മാത്രമല്ല നമ്മുടെ ഇടയിലും സർവ്വസാധാരണമാണല്ലോ. നാം പറയുന്നതെല്ലാം ഒരു ബുക്കിൽ എഴുതാവുന്നതാണോ? ചിലരെ സംബന്ധിച്ചിടത്തോളം അവ എഴുതാവുന്നതായിരിക്കും. പക്ഷെ പേരെഴുതി ഒപ്പിടുവാനുള്ള ധൈര്യമുണ്ടായിരിക്കുകയില്ല. പരദൂഷണം പറയുവാനുള്ള ചിന്ത മനസ്സിലുണ്ടാകുമ്പോൾ ജോർജ് എക്കോസിന്റെ കറുത്ത ഡയറി നമ്മുടെ ഓർമ്മയിൽ വന്നിരുന്നെങ്കിൽ!

# വാർത്തകൾ

## ഗൾഫ്

# അനുഗ്രഹമാരി ചൊരിഞ്ഞ് യു.എ.ഇ. കോമൺ ഗാദെറിംഗ്–2006

അബുദാബി: യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ ബ്രദറൺ സഭകളുടെ സംഗമവേദിയായ യു.എ.ഇ. കോമൺ ഗാദെറിംഗിന്റെ 14-ാമത് സമ്മേളനം 2006 ഡിസംബർ 2-ാം തീയതി രാവിലെ 8.30 മുതൽ 1.30 വരെ ജബൽഅലി ഓഡിറ്റോറിയത്തിൽ നടന്നു. അബുദാബി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി ആഥിഥേയത്വം വഹിച്ച സമ്മേളനം ദൈവജനത്തിന്റ ഉണർവ്വിനും ആത്മീയവർദ്ധനെക്കും വഴിയൊരുക്കി. കാലാവസ്ഥയുടെ പ്രതികൂലം ഉണ്ടായിരുന്നെങ്കിലും വിവിധ സഭകളിൽനിന്നായി ഏകദേശം 2000 ആളുകൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു. മക്കളേ, വന്നു എനിക്കു ചെവിതരുവിൻ; യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചുതരാം (സങ്കീർത്തനങ്ങൾ 34:11) എന്നതായിരുന്നു ചിന്താവിഷയം. സുവി. വി. പി. പൗലോസ് സന്ദേശം നൽകി. സംഗീത ശുശ്രൂഷ, വിവിധ സ്ഥലം സഭകളുടെ പ്രോഗ്രാമുകൾ എന്നിവ സമ്മേളത്തിന് കൂടുതൽ ചൈതന്യം പകർന്നു. യു.എ.ഇ.-ലെ ബ്രദറൺ സഭകളുടെ ഡയറക്ടറിയും അഡ്രസ്സുകൾ അടങ്ങുന്ന സി.ഡി.യും സമ്മേളത്തിൽ പ്രകാശനം ചെയ്തു. ഭംഗിയായുള്ള ക്രമീകരണങ്ങളും സമയത്തിന്റെ കൃത്യനിഷ്ഠയും സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് ശക്തിപകർന്നു.

## ടീൻസ് ക്യാമ്പ് സമാപിച്ചു

**ഷാർജാ:** ഷാർജാ ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ നടന്ന ടീൻസ് ക്യാമ്പ് 2006 അനുഗ്രഹകരമായി സമാപിച്ചു. ഡിസം. 25 മുതൽ 28 വരെ ഷാർജാ യൂണിയൻ ചർച്ചിൽ നടന്ന ക്യാമ്പിൽ വിവിധ സ്ഥലങ്ങളിൽനിന്നായി ഏകദേശം 150 യുവതി-യുവാക്കന്മാർ പങ്കെടുത്തു. ക്രിസ്തുയേശുവിലുള്ള ഭാവം എന്നതായിരുന്നു ചിന്താവിഷയം. സുവിശേഷകന്മാരായ തോമസ് മാത്യു-തിരുവല്ല, വി.പി. പൗലോസ്-കീഴില്ലം, ജോയി ജോൺ-ബാംഗ്ലൂർ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## കുടുംബ സമ്മേളനം സമാപിച്ചു

**ഷാർജാ:** ഷാർജാ ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ നടന്ന കുടുംബസമ്മേളനം 2007 1-ാം തീയതി, രാവിലെ 10 മുതൽ 5 വരെ ഷാർജാ യൂണിയൻ ചർച്ചിൽ വച്ച് നടന്നു. ഏകദേശം 350-ൽപരം സഹോദരി-സഹോദരന്മാർ പങ്കെടുത്ത ഈ സമ്മേളനത്തിൽ സുവിശേഷകന്മാരായ തോമസ് മാത്യു-തിരുവല്ല, വി. പി. പൗലോസ്-കീഴില്ലം, ജോയി ജോൺ-ബാംഗ്ലൂർ എന്നിവർ വിവധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വിവാഹം, കുടുംബജീവിതം, സഭ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി നടത്തപ്പെട്ട ക്ലാസ്സുകൾ വിശ്വാസികൾക്ക് അനുഗ്രഹപ്രദമായിരുന്നു.

## സത്ഗമയ 75 ഭാഗങ്ങൾ പിന്നിട്ടു

കൈരളി പീപ്പിൾ ചാനലിൽ പ്രക്ഷേപണം ചെയ്യുന്ന സത്ഗമയ എന്ന സുവിശേഷ സന്ദേശ പരിപാടി 75 ഭാഗങ്ങൾ പിന്നിട്ടു. 2006 ഡിസംബർ 29-ാം തീയതി പ്രക്ഷേപണം ചെയ്ത ക്രിസ്തുമസ്-ന്യൂ ഇയർ പ്രത്യേക പരിപാടിയിൽ യഥാർത്ഥ ക്രിസ്തുമസ് എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സന്ദേശവും സഹോദരന്മാരായ മാത്യു ജോൺ, ഫിലിപ്പ് കെ. ആൻഡ്രൂസ്, ജോൺലി ചാൾസ് എന്നിവരുടെ ഗാനശുശ്രൂഷയുമാണ് ഉൾപ്പെടുത്തിയിരുന്നത്.

## ദോഹ കുടുംബ സമ്മേളനം

**ദോഹ:** ദോഹയിലെ മൂന്ന് സഭകൾ ചേർന്ന് നടത്തിയ കുടുംബ സമ്മേളനം അനുഗ്രഹകരമായി സമാപിച്ചു. ജനുവരി 1-ാം തീയതി ദോഹ ബ്രദറൺ സഭാ ഹാളിലായിരുന്നു സമ്മേളനം. സഹോ. ജോർജ് കോശി, മൈലപ്ര ദൈവവചനത്തിൽനിന്ന് സന്ദേശം നൽകി.

## ഇന്ത്യ

# സുവിശേഷ പ്രചരണ സംഘത്തെ ആക്രമിച്ചു




**ഡൽഹി:** നോയിഡയിൽ പരസ്യ സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന സുവിശേഷകന്മാരെയും സഹപ്രവർത്തകരെയും സുവിശേഷ വിരോധികളായ 200-ലധികം ആളുകൾ ചേർന്ന് ആക്രമിച്ചു. സുവിശേഷകന്മാരായ വി.പി. പൗലോസ്-ഫരീദാബാദ്, സാമുവൽ ജോൺ-ഡൽഹി, ഒ.എ. ജോർജ്-നോയിഡ, ജോർജ് തോമസ്-സഹീബബാദ് എന്നിവർക്കാണ് മർദ്ദനമേറ്റത്. ഇവർ ഉപയോഗിച്ചിരുന്ന വാഹനത്തിനും നാശനഷ്ടങ്ങൾ സംഭവിച്ചു. തുടർന്ന് സഹോദരന്മാരെ പ്രതികളാക്കി കേസെടുത്ത പോലീസ് ഉദ്യോഗസ്ഥർ ഇവരെ അവഹേളിക്കുകയും വിട്ടയയ്ക്കാതിരിക്കുവാനും ശ്രമിച്ചെങ്കിലും ജാമ്യം ലഭിച്ചതിനെ തുടർന്നു വിട്ടയച്ചു.

## വാഹനാപകടം: ഗോസ്പൽ ടീം അത്ഭുതകരമായി രക്ഷപ്പെട്ടു

**കോട്ടയം:** ബാംഗ്ലൂരിലേയ്ക്കുള്ള യാത്രാമദ്ധ്യേ ഗോസ്പൽ ടീം സഞ്ചരിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ടു എങ്കിലും ടീം അംഗങ്ങളെ നിസ്സാര പരിക്കുകളോടെ ദൈവം അത്ഭുതകരമായി വിടുവിച്ചു. സുവി. കുഞ്ഞുമോൻ തോട്ടപ്പള്ളിയും സംഘവും സഞ്ചരിച്ചിരുന്ന ജീപ്പാണ് അപകടത്തിൽപ്പെട്ടത്. മറ്റൊരു വാഹനത്തെ മറികടക്കുമ്പോൾ നിയന്ത്രണംവിട്ടു മറിയുകയായിരുന്നു. ബാംഗ്ലൂരിൽ നടന്ന ഒരു ശുശ്രൂഷയിൽ പങ്കെടുക്കാനുള്ള യാത്രാമദ്ധ്യേയായിരുന്നു അപകടം.

The Gulf
Brethren Voice
Vol. I No. 1 January - February

# മഹത്വം ദൈവത്തിന്...

കർത്താവിൽ പ്രിയ സഹോദരി-സഹോദരന്മാർക്ക്, നമ്മുടെ കർത്താവും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം അറിയക്കുന്നതോടൊപ്പം ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതുവത്സരവും ആശംസിക്കുന്നു.

ദി ഗൾഫ് ബ്രദറൺ വോയ്സ് നിങ്ങളുടെ കൈകളിൽ എത്തിക്കുവാൻ സാധിച്ചതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ഗൾഫിലെ തിരക്കേറിയ ജീവിതത്തിലും നമ്മുടെ താലന്തുകൾ ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കണം എന്ന ചിന്ത ചില സഹോദരന്മാരുടെ ഹൃദയത്തിൽ തോന്നുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി ദി ഗൾഫ് ബ്രദറൺ വോയ്സ് യാഥാർത്ഥ്യമായി. കുറവുകളും, പരിമിതികളും ഏറെയുണ്ടെങ്കിലും തുടർന്നുള്ള നാളുകളിൽ ദൈവജനത്തിന്റെ സഹകരണത്താൽ ഇവ പരിഹരിച്ചു മുന്നേറുവാൻ ദൈവം ഇടയാക്കട്ടെ.

ഈ പ്രവർത്തനങ്ങളിൽ വിവിധനിലകളിൽ നിങ്ങൾക്ക് സഹകരിക്കാവുന്നതാണ്. ആത്മീയ നിലവാരവും, ആനുകാലിക പ്രസക്തിയുമുള്ള ലേഖനങ്ങൾ, ഫീച്ചറുകൾ, വാർത്തകൾ എന്നിവ ഈ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കും. യുവപംക്തി, ബാലപംക്തി, ബൈബിൾ ക്വിസ്സ് എന്നിവ കൈകാര്യം ചെയ്യുവാൻ താത്പ്പര്യമുള്ളവർ ഞങ്ങളെ അറിയിക്കുക. ലേഖനങ്ങൾ, ഫീച്ചറുകൾ എന്നിവ നാല് A4 size പേജിൽ കവിയാതെ എഴുതി സ്കാൻ ചെയ്ത് ഇ-മെയിൽ ചെയ്യുകയോ ഫാക്സ് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ ഈ പ്രവർത്തനങ്ങളിൽ പങ്കുചേരുവാനും വിവിധ സ്ഥലങ്ങളിൽ സഹകാരികളായി നേതൃത്വം നൽകുവാനും താത്പ്പര്യമുള്ള സഹോദരി-സഹോദരന്മാർ ഇ-മെയിൽ മുഖാന്തിരം ഞങ്ങളെ അറിയിക്കുവാൻ താത്പ്പര്യപ്പെടുന്നു. ദൈവനാമ മഹത്വത്തിനായി ഈ മാസിക തീരേണ്ടതിനു ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**- ദി ഗൾഫ് ബ്രദറൺ വോയ്സ് പ്രവർത്തകർ -**

**നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക.**

**വിലാസം:**

ഇ-മെയിൽ : thegulfbrethrenvoice@gmail.com

ഫാക്സ് : 04-2244814

ഫോൺ : 050-6524117 (C.O. Antony) 050-4225329 (Ajith Kalloor)

050-8661982 (Pramod S. John) 050-8749080 (Bejoy Punnen)

## മഹത്വത്തിൽ

സുവിശേഷകൻ കെ. തോമസ് മാത്യു (തിരുവല്ല)വിന്റെ പിതാവും റാന്നി സീയോൻകുന്നു ബ്രദറൺ സഭാംഗവുമായ കാരക്കാട്ട് റ്റി.ഒ. തോമസ് (87) കർത്താവിൽ നിദ്രപ്രാപിച്ചു. പ്രിയ കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കുക.

*ഷിബി തോമസ്, ബി.ബി.എ., ഷാർജ.*

## ലോകം

### അവിശ്വാസികളുടെ എണ്ണം കൂടുന്നു

**വാഷിംഗ്ടൺ:** പ്രൊട്ടസ്റ്റന്റുകാരുടെ നാട് എന്നറിയപ്പെട്ടിരുന്ന അമേരിക്കയുടെ ചരിത്രം മാറിക്കൊണ്ടിരിക്കുന്നു. ഇതുവരെ അമേരിക്കൻ ജനസംഖ്യയുടെ 63 ശതമാനം പ്രൊട്ടസ്റ്റന്റ് ആയിരുന്നെങ്കിൽ ഇന്നത് 52 ശതമാനമായി കുറഞ്ഞു. ഒരു മതത്തിലും വിശ്വസിക്കാത്തവരുടെ എണ്ണം 9-ൽ നിന്നു 14 ശതമാനമായി കൂടുകയുണ്ടായി. കത്തോലിക്കരുടെ സംഖ്യ 25 ശതമാനമായിത്തന്നെ തുടരുന്നു. കത്തോലിക്കർ ഒഴികെയുള്ള ഇതര ക്രിസ്തീയ വിഭാഗങ്ങളെയാണ് പ്രൊട്ടസ്റ്റന്റായി കണക്കാക്കപ്പെടുന്നത്. മുസ്ലീങ്ങൾ, ഹിന്ദുക്കൾ, സിക്കുകാർ തുടങ്ങി ഇതര മതക്കാരുടെ സംഖ്യ 3 ശതമാനത്തിൽനിന്ന് 7 ശതമാനമായി കൂടുകയുണ്ടായി. യഹൂദരുടെ ജനസംഖ്യ 2 ശതമാനമായി തുടരുന്നു. യുവജനങ്ങളുടെ വഴിവിട്ടുള്ള ജീവിതം മൂലമാണ് വിശ്വാസികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകാൻ കാരണമെന്ന് സർവ്വേ പറയുന്നു.

### ഇന്റർനെറ്റ് ചർച്ച്

**ലണ്ടൻ:** ചർച്ച് ഓഫ് ഇംഗ്ലണ്ട് ഇൻർനെറ്റ് ചർച്ചിന് രൂപംനൽകുന്നു. ഐ ചർച്ച് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇന്റർനെറ്റ് ചർച്ച് ജീവിതത്തിൽ വളരെ തിരക്കുള്ളവരെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. പള്ളികളിൽ ആരാധനയിൽ സംബന്ധിക്കാൻ സൗകര്യമില്ലാത്തവരും താൽപ്പര്യമില്ലാത്തവരും ഐ ചർച്ചിന്റെ ലക്ഷ്യപരിധിയിൽപ്പെടും. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പള്ളികളിൽ ആരാധനയ്ക്ക് എത്താത്തവരുടെ സംഖ്യ ദിനംപ്രതി കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് ഐ ചർച്ച് എന്ന ആശയം നടപ്പിലാക്കുവാൻ സഭയെ പ്രേരിപ്പിച്ചത്. തുടരെ യാത്രചെയ്യുന്നവർക്കും ഐ ചർച്ച് പ്രയോജനപ്പെടുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ. ലോകത്തിന്റെ ഏതു ഭാഗത്തിരുന്നാലും അവരെ ആരാധനയിൽ സംബന്ധിപ്പിക്കുവാൻ ഐ ചർച്ചിനും പരിശീലനം ലഭിച്ച വെബ് പാസ്റ്റർമാർക്കും കഴിയുമെന്നാണ് ഇവർ അവകാശപ്പെടുന്നത്.

### ശ്രീലങ്കയിൽ ക്രിസ്ത്യാനികളെ ആക്രമിച്ചു

ശ്രീലങ്കയിലുണ്ടായ മതതീവ്രവാദികളുടെ ആക്രമണത്തിൽ നിരവധി ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടു. ബുദ്ധമതവിശ്വാസികളായ തീവ്രവാദികൾ പള്ളികൾ ആക്രമിക്കുകയും ക്രിസ്തീയ പ്രവർത്തകരെ മർദ്ധിക്കുകയും ചെയ്തു. ബുദ്ധമത പുരോഹിതന്മാരാണ് ആക്രമണങ്ങൾക്ക് നേതൃത്വം നൽകിയത്. ഒരു സ്ത്രീയുടെ മേൽ തിളച്ച എണ്ണ ഒഴിക്കുകയും പള്ളികളിലും പരിസര പ്രദേശങ്ങളിലും ക്രിസ്തീയ വിരുദ്ധ പോസ്റ്ററുകൾ പതിപ്പിക്കുകയും ചെയ്തു. പള്ളികളിൽ ആരാധന നടത്തുവാൻ പാടില്ലെന്നും ഇവ അടച്ചുപൂട്ടുവാനും തീവ്രവാദികൾ ഭീഷണി മുഴക്കിയിരിക്കുകയാണ്.

(For Private Circulation Only)